കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത്
# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി8)1515/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680 020
ഫോൺ: 0487 2331249
Email:dotsr.ksad@kerala.gov.in
തീയതി:14.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുന്നയൂർക്കുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-5 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-1, 3-2, 3-4 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ്

പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി8)1515/17 തിയ്യതി: 14.11.2017

## <u>തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18

എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2016 മുതൽ 31-03--2017തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു.ചേക്കുട്ടി,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13-09-2017 മുതൽ<br>22.09.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. അഗസ്റ്റിൻ. എം.എൽ.<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ഹണി കെ.എസ്.,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. പ്രശാന്ത്.ടി.ജി.<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. വിനിത. ടി.<br>ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. എ.ഡി. ധനീപ് | 01.04.2016 മുതൽ<br>31.03.2017 വരെ |
| സെക്രട്ടറി | ശ്രീമതി. ലത. കെ.വി. | 01.04.2016 മുതൽ<br>31.03.2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.സിന്ധു . കെ. | 01-04-2016 മുതൽ 31-03-2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.സരസ്വതി.വി.എസ്. | 01-04-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.റഷീദ് എ.ടി. | 01-04-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.രാഖി. എൻ. | 01-04-2016 മുതൽ 31-03-2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. അരുൺ. എം.എം. | 01-04-2016 മുതൽ 30-09-2016 വരെ |
| | ഡോ.റീന ജോൺ | 01-10-2016 മുതൽ 31-03-2017 വരെ |
| പ്രധാനാദ്ധ്യാപിക ജി.എൽ.പി.എസ്., അണ്ടത്തോട് | ശ്രീമതി.ഷീല. ഇ.ആർ. | 01-04-2016 മുതൽ 31-03-2017വരെ |
| വി.ഇ.ഒ., തൃപ്പറ്റ് സർക്കിൾ | ശ്രീ. റ്റി.ബി. ശശിധരൻ | 01-04-2016 മുതൽ 31-03-2017 വരെ |
| വി.ഇ.ഒ., അണ്ടത്തോട്സർക്കിൾ | ശ്രീ. ബാബു. സി.എ. | 01-04-2016 മുതൽ 31-03-2017 വരെ |
| വി.ഇ.ഒ., പുന്നയൂർക്കുളംസർക്കിൾ | ശ്രീ.ബാബു. സി.എ. | 01-04-2016 മുതൽ 01-02-2017 വരെ |
| | ശ്രീമതി.ലിജി. ഇ.വി. | 02-02-2017 മുതൽ 31-03-2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ശങ്കരനാരായണൻ. സി. | 01-04-2016 മുതൽ 31-03-2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ശാന്ത. ടി.എസ്. | 01-04-2016 മുതൽ 31-03-2017വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീമതി. ആശാ ബാബു | 01-04-2016 മുതൽ 14-12-2016 വരെ |
| | ശ്രീമതി.ലിസ്സി. ടി.വി. | 15-12-2016 മുതൽ 31-03-2017 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |

| | | |
|---|---|---|
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| ഭാഗം 2 | | |
| 12 | ടെണ്ടർ വില്പന- ഇ-ടെണ്ടർ ഫീ, വാറ്റ്- പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല. | 2-1 |
| 13 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-2 |
| 14 | ഡി ആന്റ് ഒ ലൈസൻസ് -- അപാകതകൾ | 2-3 |
| 15 | പരസ്യനികുതി ഈടാക്കുന്നില്ല. | 2-4 |
| 16 | മൊബൈൽ ടവറുകൾക്ക് വസ്തുനികുതി ഈടാക്കിയിട്ടില്ല | 2-5 |
| 17 | നിർജ്ജീവ അക്കൗണ്ട് അവസാനിപ്പിക്കേണ്ടതാണ് | 2-6 |
| 18 | തനതുഫണ്ടിന് ഒന്നിലധികം അക്കൗണ്ടുകൾ നിലനിർത്തുന്നു | 2-7 |
| ഭാഗം 3 | | |
| 19 | പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് മുൻപ് തന്നെ മുഴുവൻ തുകയും നിർവ്വഹണ ഉദ്യോഗസ്ഥർ ബന്ധപ്പെട്ട സ്ഥാപനത്തിന് / കരാറുകാരന് നൽകുന്നു | 3-1 |
| 20 | ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗം - പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 3-2 |
| 21 | പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡി പരിധി പാലിക്കാതെ നടീൽവസ്തുക്കൾ വിതരണം ചെയ്തു | 3-3 |
| 22 | രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു | 3-4 |
| 23 | വാങ്ങൽ നടത്തി ആറുമാസമായിട്ടും | 3-5 |

| | | |
|---|---|---|
| | ഇലക്ട്രിക്കൽ ഉപകരണങ്ങൾ സ്ഥാപിക്കാതെ സൂക്ഷിച്ചിരിക്കുന്നു | |
| 24 | ആവശ്യകത കണക്കാക്കിയതു പ്രകാരമുള്ള വിവരങ്ങൾ ടെണ്ടർ സ്പെസിഫിക്കേഷനിൽ ഉൾപ്പെടുത്തേണ്ടതാണ്. | 3-6 |
| 25 | ശുചിത്വ മിഷനിൽ നിന്നും ലഭിച്ച തുക നാല് വർഷത്തിനുശേഷം ഭാഗികമായി ചെലവഴിച്ചു. ബാക്കി തുക തിരിച്ചടച്ചതിന്റെവിശദാംശങ്ങൾ ഇല്ല. | 3-7 |
| 26 | റോഡ് നിർമ്മാണ പ്രവൃത്തികൾ ഭാഗികമായി അവസാനിപ്പിക്കുന്നു. | 3-8 |
| 27 | പ്രവൃത്തി പൂർത്തീകരണം അനുവദനീയമായ കാലത്തിനുശേഷം ദീർഘീകരണകാലത്തെ പിഴ ഈടാക്കിയിട്ടില്ല. | 3-9 |
| 28 | സമഗ്രമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെ ലഭ്യമായ തുകയ്ക്ക് അനുസരിച്ച് ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് അംഗികാരം നൽകി പ്രവൃത്തി ആരംഭിക്കുന്നു. പ്രോജക്ട് ലക്ഷ്യപ്രാപ്തി കൈവരിക്കാതെ അനന്തമായി നീണ്ടുപോകുന്നു. | 3-10 |
| 29 | ടാറിന്റെ വിലയിലെ ഏറ്റകുറച്ചിൽ. പെട്രോളിയം കമ്പനിയിൽ അടച്ച തുക 213121/- തിരിച്ചുപിടിക്കേണ്ടതാണ്. | 3-11 |
| 30 | മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് അനുവദനീയമായതിലും അധികം നൽകി. | 3-12 |
| 31 | തൊഴിലുറപ്പ് പദ്ധതി – റോഡ്കോൺക്രീറ്റ് പ്രവൃത്തികളിൽ വേതന /സാധന ഘടകത്തിൽ 60:40 എന്ന അനുപാതം പാലിക്കപ്പെട്ടില്ല. അവിദഗ്ധ തൊഴിലാളികളുടെ തൊഴിൽ സാധ്യത നഷ്ടപ്പെടുത്തുന്നു. | 3-13 |
| 32 | എം.എൻ. ലക്ഷം വീട് -- തുക മുഴുവനായും ചെലവഴിച്ചിട്ടില്ല. | 3-14 |
| 33 | ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 3-15 |
| 34 | EMS ഭവനനിർമ്മാണം നാളിതുവരെ | 3-16 |

| | | |
|---|---|---|
| | പൂർത്തിയാക്കിയിട്ടില്ല | |
| 35 | വിനിയോഗവിവരം ലഭ്യമായിട്ടില്ല. | 3-17 |
| 36 | മരുന്ന് ലഭ്യമായിട്ടില്ല | 3-18 |
| 37 | തുക കൈമാറിയെങ്കിലും പദ്ധതി നടപ്പാക്കിയിട്ടില്ല. | 3-19 |
| 38 | ഫണ്ട് പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. | 3-20 |
| 39 | സ്മാർട്ട് ക്ലാസ്റൂം പ്രവർത്തനക്ഷമമല്ല. | 3-21 |
| 40 | അഡ്വാൻസ് നൽകിയ തുക നാളിതുവരെ തിരിച്ചടച്ചിട്ടില്ല. | 3-22 |
| 41 | പഞ്ചായത്ത് സ്കൂൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു | 3-23 |
| 42 | പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. | 3-24 |
| 43 | തെരുവുവിളക്കുകളുടെ സംയുക്തപരിശോധന നടത്തിയിട്ടില്ല. | 3-25 |
| 44 | വാഹനപരിപാലനം -- അപാകതകൾ | 3-26 |
| 45 | ആശ്രയ പദ്ധതി | 3-27 |
| 46 | അംഗൻവാടികളുടെ ഭൗതിക സാഹചര്യം -- അവലോകനം | 3-28 |
| 47 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3-29 |
| ഭാഗം 4 | | |
| 48 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 49 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 50 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 51 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 52 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 53 | ഓഡിറ്റ് റിക്കവറി | 4-6 |
| 54 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 55 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 56 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികളുടെ വിവരം | 4-9 |

| | | |
|---|---|---|
| 57 | അനുബന്ധം-1 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ 03.03.16 തിയ്യതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 163400000 രൂപയും ചെലവ് 184606000 രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.17 | 29.7.17 |

## 1-3 വാർഷികധനകാര്യപത്രിക- അപാകതകൾ

1) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4 പ്രകാരം ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ലഭിച്ച സംയുക്ത പദ്ധതി ഫണ്ടിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം 6592/- രൂപയും ജില്ലാപഞ്ചായത്ത് വിഹിതം 1,60,000/- രൂപയും ബാക്കിയുണ്ട്. ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ മുഴുവൻ തുകയും ചെലവഴിച്ചിട്ടുള്ളതാണ്. ജില്ലാപഞ്ചായത്ത് വിഹിതത്തിൽ 83,508/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ടി ശീർഷകത്തിൽ 76,492/- രൂപ മാത്രമാണ് ബാക്കിയുള്ളത്.

2) 2016-17 ലെ വാർഷികകണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B11 ഫിക്സഡ് അസ്സറ്റ്സിൽ തൻവർഷം എം.എൽ.എ. ഫണ്ടുപയോഗിച്ച് വാങ്ങിയ ആംബുലൻസ് ചേർത്തിട്ടുണ്ടെങ്കിലും അതിന് മുൻപുണ്ടായിരുന്ന മഹീന്ദ്ര ബൊലേറൊ ചേർത്തിട്ടില്ല. ആയതിന്റെ ഡിപ്രീസിയേഷനും ഉൾപ്പെടുത്തിയിട്ടില്ല. ഭൂമിയുടെ കാര്യത്തിൽ 2015-16 ലെ വാർഷികകണക്കുപ്രകാരം 1727970/- രൂപയാണ് ആസ്തി. 2016-17 ലെ കണക്കുപ്രകാരം 1741770/- രൂപയാണ്. വ്യത്യാസമുള്ള 13800/- രൂപ സ്റ്റാമ്പ് പേപ്പർ വാങ്ങിയതിനുള്ള ചെലവാണ്. ആയത് സ്ഥിരമായ ആസ്തിയുടെ ഗണത്തിൽ പെടുത്താവുന്നതല്ല.

3) 2015-16 ലെ വാർഷികകണക്കിൽ "Secured loan from Co-operative banks" എന്ന ശീർഷകത്തിൽ 5,000/- രൂപയാണ് ബാദ്ധ്യതയായി കാണിച്ചിട്ടുള്ളത്. 2016-17വർഷവും അതേ തുക ബാദ്ധ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്. ലോൺ അക്കൗണ്ട് ക്ലോസ് ചെയ്യാതെ ബാദ്ധ്യത നിലനിർത്തിയതിന് കാരണം വ്യക്തമല്ല.

4) റസീറ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റിലെ “Contributions for Joint Venture Projects- 320700105”

എന്ന ശീർഷകത്തിൽ 3,93,561/- രൂപയാണ് വരവായി കാണിച്ചിട്ടുള്ളത്. ടി തുക തൻവർഷ വരവല്ല. സെക്രട്ടറി നൽകിയ മറുപടി പ്രകാരം ടി തുക മുൻവർഷത്തിൽ പനന്തറ കോളനി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ എന്ന പദ്ധതിക്കായി ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ച 10 ലക്ഷം രൂപയിൽ ബാക്കിയുള്ള തുകയാണ്. തൻവർഷം ലഭിച്ച 3,00,000/- രൂപ കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതത്തിലാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്.

5) നെല്ലുല്പാദന ബോണസ്സ് ഇനത്തിൽ ലഭിച്ച അലോട്ട്മെന്റ് നാളിതുവരെ പണമാക്കി മാറ്റി വിതരണം ചെയ്യുന്നതിന് സാധിച്ചിട്ടില്ലെങ്കിലും ആയത് വരവായും ചെലവായും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

6) വസ്തുനികുതിയിനത്തിൽ വാർഷികകണക്കും സഞ്ചയയിൽ നിന്നെടുത്ത പത്രികയും പൊരുത്തപ്പെടുന്നില്ല.

7) സ്ഥാപനതൊഴിൽനികുതി, ലേലം എന്നിവയുടെ കാര്യത്തിലും വാർഷികകണക്കും രജിസ്റ്ററുകളും പൊരുത്തപ്പെടുന്നില്ല.

8) നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ സ്ഥാപനങ്ങളിൽ അടവാക്കിയ തുകകൾ വാർഷികകണക്കിൽ അഡ്വാൻസുകളുടെ ശീർഷകത്തിൽ ഉൾപ്പെട്ടിട്ടില്ല.

9) അഡ്വാൻസ് റ്റു ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സ് എന്ന ശീർഷകത്തിൽ 5,000/- രൂപ 2015-16, 2016-17 വാർഷികകണക്കുകളിൽ ഉൾപ്പെട്ടുകാണുന്നുണ്ട്. ആയത് നാളിതുവരെ അഡ്ജസ്റ്റ് ചെയ്തിട്ടില്ല.

10) എം.എൻ. ലക്ഷംവീട് പദ്ധതിയുടെ 31.03.17ലെ ബാങ്ക് ബാലൻസ് കണക്കാക്കിയല്ല റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടുള്ളത്. റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാങ്ക് ബാലൻസും യഥാർത്ഥ ബാങ്ക് ബാലൻസും തമ്മിൽ 53,142/- രൂപയുടെ വ്യത്യാസമുണ്ട്. ഇതുപോലെ, ജലനിധിയുടെ അക്കൗണ്ട് റിക്കൺസിലിയേഷനിലും 20,182/- രൂപയുടെ വ്യത്യാസമുണ്ട്.

11) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2016-17ലെ ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16367169 |
| വരവ് | 59523637 |

| | |
|---|---|
| ആകെ | 75890806 |
| ചെലവ് | 54408786 |
| നീക്കിയിരിപ്പ് | 21482020 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (അലോട്ട്മെന്റ് പ്രകാരം) | ചെലവ് | നീക്കിയിരിപ്പ് (ലാപ്സായ തുക) | വിനിയോഗ ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 13827641 | 12322956 | 1504685 | 89.11% |
| വികസനഫണ്ട് എസ്.സി.പി. | 0 | 6305643 | 5644537 | 661106 | 89.51% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 21291 | 21291 | 0 | തിരിച്ചടച്ചു |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6596109 | 3365367 | 3230742 | 51.02% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3752844 | 1798829 | 1954015 | 47.93% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7754363 | 5596313 | 2158050 | 72.16% |
| പെർഫോമൻസ് ഗ്രാന്റ് | 0 | 4060997 | 3431267 | 629730 | 84.49% |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 163 | 62236490 | 108 | 37313580 | 45 | 10 | 66 |

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 47.36% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3945684 | 6094656 | 2148972 | (+)54.46% |
| നികുതിയേതര വരവുകൾ | 661592 | 603765 | 57827 | (-) 8.74% |
| മറ്റുവരവുകൾ | 208984 | 134800 | 74184 | (-)35.49% |
| ആകെ | 4816260 | 6833221 | 2280983 | (+)47.36% |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 232320 | 164 |
| കർഷകതൊഴിലാളി പെൻഷൻ | 4572180 | 533 |
| വിധവാപെൻഷൻ | 18094640 | 1693 |
| വാർദ്ധക്യകാല പെൻഷൻ | 13431930 | 1563 |
| വികലാംഗപെൻഷൻ | 2927940 | 337 |
| 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 644480 | 63 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 900000 | 18 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.9.17 തിയതിയിൽ 3.30പി.എം.ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6875 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു. തുക ക്യാഷ് ബുക്ക്, ഡേ ബുക്ക് എന്നിവയുമായി പൊരുത്തപ്പെടുന്നുണ്ട്.

# 1-10 ആഭ്യന്തരനിയന്ത്രണം.

1) ഓഫീസ് ഓർഡർ പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. ഫ്രണ്ട്

ഓഫീസ് സംവിധാനം കാര്യക്ഷമമാണ്.

2) പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതായ പ്രധാന രജിസ്റ്ററുകളായ ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിക്കുന്നില്ല. ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ചേർക്കുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ കൂടി ചേർത്ത് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്

3) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4) നിർവ്വഹണ ഉദ്യോഗസ്ഥർ പലരും നിശ്ചിത മാതൃകയിലുള്ള ( TR 7A)ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.8.17 | 2017 ജൂലൈ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5.3.2014 | 2008-09 മുതൽ 2012-13 വരെ | 20.5.2014 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ടെണ്ടർ വിൽപ്പന- ഇ-ടെണ്ടർ ഫീ, വാറ്റ്- പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല.

2016-17വർഷം മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ നടത്തിയപ്പോൾ ലഭിക്കേണ്ട സബ്മിഷൻ ഫീ, വാറ്റ് എന്നിവ പഞ്ചായത്ത് ഫണ്ടിൽ ലഭിച്ചതായി പരിശോധനയിൽ കണ്ടില്ല. പ്രവൃത്തിക്ക് പങ്കെടുത്ത കരാറുകാരുടെ എണ്ണം ബ്രാക്കറ്റിൽ. ഇ-ടെണ്ടർവിളിച്ച 62/17(3), 63/17(2), 66/17(2), 76/17(3), 99/17(2),140/17(2),143/17(2), എന്നീ പ്രോജക്ട് നമ്പരിലുള്ള പ്രവൃത്തികൾക്ക് പ്രോജക്ട് അടങ്കലിന്റെ (.2%)വും സബ്മിഷൻ ഫീ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് ട്രാൻസ്ഫർ ചെയ്ത് കിട്ടുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയിട്ടില്ല

റോയൽക്ലിനിക്കൽ ലാബ്, അമൽ ഹെൽത്ത്കെയർ, ഹസ്സൻ ഒപ്റ്റിക്കൽസ് എന്നീ സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപനതൊഴിൽ നികുതിയും അടവാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 ഡി ആന്റ് ഒ ലൈസൻസ് -- അപാകതകൾ

1996ലെ കേരള പഞ്ചായത്ത് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ 1-ാം പട്ടികയിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുക്കേണ്ടതാണ് (ചട്ടം 4).

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഓഡിറ്റോറിയങ്ങൾ ഒന്നും തന്നെ ലൈസൻസ് എടുത്തിട്ടില്ല.പവീസ് റിസോർട്ട് എന്ന സ്ഥാപനം ലൈസൻസ് എടുത്തിട്ടില്ല.

ചട്ടങ്ങൾ പ്രകാരം ലൈസൻസ് നൽകുമ്പോൾ താഴെ പറയുന്ന സാക്ഷ്യപത്രങ്ങൾ / രേഖകൾ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഭൂരിഭാഗം സ്ഥാപനങ്ങളും താഴെ പറയുന്ന സാക്ഷ്യപത്രങ്ങൾ, രേഖകൾ ഹാജരാക്കിയിട്ടില്ല.

1.സർക്കുലർ നം. 15885/RD.3/2011/ തസ്വഭവ തിയ്യതി 26.04.11 അനുസരിച്ച് ഡി&ഒ ലൈസൻസിൽ പുകവലി നിരോധനം സംബന്ധിച്ച നിബന്ധനകൾ പാലിക്കാമെന്ന സമ്മതപത്രം

2.സർക്കുലർ നമ്പർ 63624/R.C.2/2008/തസ്വഭവ തിയ്യതി 15.06.2009 പ്രകാരം സ്ഥാപനത്തിന്റെ പേര് ഇംഗ്ലീഷിലും മലയാളത്തിലും രേഖപ്പെടുത്തണമെന്ന സത്യപ്രസ്താവന

3.ലൈസൻസ് പുതുക്കുന്നതിന് നൽകിയ എല്ലാ അപേക്ഷകളും സ്ഥലപരിശോധന നടത്തി ഹെൽത്ത് ഇൻസ്പെക്ടർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

4.കേരള പഞ്ചായത്ത് രാജ് ഡി&ഒ ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 12 ഉപചട്ടം 3(ബി) പ്രകാരം 5 കുതിരശക്തിയിൽ കവിയാത്ത യന്ത്രമുപയോഗിച്ചുള്ളതും പരിസരമലിനീകരണമുണ്ടാക്കാത്തതുമായ വ്യവസായ സ്ഥാപനങ്ങൾക്ക് ഇതര സ്ഥാപനങ്ങളുടെ നിരാക്ഷേപ സാക്ഷ്യപത്രമോ അനുമതിയോ കൂടാതെ ലൈസൻസ് അനുവദിക്കാം.

യന്ത്രസാമഗ്രികൾ ഉപയോഗിച്ചുള്ള വ്യവസായങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റേയും മറ്റ് ക്ലിയറൻസ് ആവശ്യമുള്ള സംഗതിയിൽ ഇതര വകുപ്പുകളുടെ അനുമതിയും ആവശ്യമാണ്. ലൈസൻസ് നൽകുമ്പോൾ എല്ലാ രേഖകളും ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 2-4 പരസ്യനികുതി ഈടാക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് നിയമം 209-ാം വകുപ്പ് പ്രകാരം പഞ്ചായത്ത് പരിധിയിലെ ഭൂമിയിലോ, കെട്ടിടത്തിലോ പ്രദർശിപ്പിച്ചിട്ടുള്ള പരസ്യത്തിന് നികുതി ഈടാക്കാവുന്നതാണ്. എന്നാൽ പഞ്ചായത്ത് കരട് ബൈലോ തയ്യാറാക്കുകയോ അംഗീകാരം ലഭ്യമാക്കാനുള്ള

നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ധാരാളം പരസ്യങ്ങൾ പഞ്ചായത്ത് അതിർത്തിയിൽ പ്രദർശിപ്പിച്ചിട്ടുണ്ടെങ്കിലും നികുതി ഈടാക്കിയിട്ടില്ല. ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കി പരസ്യനികുതി ഈടാക്കേണ്ടതാണ്.

## 2-5 മൊബൈൽ ടവറുകൾക്ക് വസ്തുനികുതി ഈടാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 19.10.2014-ലെ 40395/RC2/ 2014/LSGD നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്ത് അനധികൃതമായി മൊബൈൽ ടവറുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചുവരുന്നതായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നഗരസഭകളിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയതായും, വിജിലൻസിന്റെ കണ്ടെത്തലിന്റെ വെളിച്ചത്തിൽ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും തങ്ങളുടെ പരിധിയിലുള്ള മുഴുവൻ മൊബൈൽ ടവറുകളെയും കണ്ടെത്തുന്നതിന് ഒരു 'സ്പെഷ്യൽ ഡ്രൈവ്" നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി, തദ്ദേശ ഭരണ സ്ഥാപനത്തിന് ലഭിക്കാനുള്ള പെർമിറ്റ് ഫീസ് / വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും കർശന നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. സർക്കുലർ പ്രകാരം പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിൽ അപ്രകാരമുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. മൊബൈൽ ടവറുകൾ സംബന്ധിച്ച കൃത്യമായ വിവരശേഖരണം നടത്തി പെർമിറ്റ് ഫീ, വസ്തുനികുതി, നികുതി എന്നിവ കുടിശ്ശിക സഹിതം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിൽ 8 മൊബൈൽടവറുകൾക്ക് മാത്രമാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. ശ്രീജിത്ത്, കല്ലൂർ എന്ന വ്യക്തിക്ക് വിവരാവകാശനിയമപ്രകാരമുള്ള അപേക്ഷയിന്മേൽ നൽകിയ എ4-675/2017തീയതി 27.2.17 മറുപടിയിൽ പഞ്ചായത്തിൽ 12 മൊബൈൽ ടവറുകൾ ഉണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. ബാക്കി 4 ടവറുകളുടെ നികുതി നിർണ്ണയിക്കേണ്ടതാണ്.

നികുതി നിർണ്ണയിച്ച ടവറുകളുടെ നികുതി പഞ്ചായത്തിൽ അടവാക്കുന്നുമില്ല.

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ലഭ്യമായ വിശദവിവരങ്ങൾ

| വാർഡ് നം | ഉടമ | നിർണ്ണയിച്ച നികുതി | അഭിപ്രായം |
|---|---|---|---|
| 1/75A | ഹംസത്ത്, ചോലയിൽ | 5670 | 2015-16മുതൽ അടവാക്കുന്നില്ല. നിലവിൽ പിഴ അടക്കം 15703 രൂപ കുടിശ്ശിക |
| 1/89A | കാദർ, കളത്തിങ്കൽ | 6930 | കുടിശ്ശിക ഇല്ല |
| 6/123 | റംല, കുന്നനയിൽ | 7350 | 2013-14മുതൽ അടവാക്കുന്നില്ല. നിലവിൽ പിഴ അടക്കം 40489 രൂപ കുടിശ്ശിക |
| 6/124 | റംല, കുന്നനയിൽ | 3150 | 2013-14മുതൽ അടവാക്കുന്നില്ല. നിലവിൽ പിഴ അടക്കം 18990 രൂപ കുടിശ്ശിക |

| | | | |
|---|---|---|---|
| 7/313B | ഡിവിഷണൽ മാനേജർ, ബി.എസ്.എൻ.എൽ. | 2167 | കുടിശ്ശിക ഇല്ല |
| 15/386A | സഫിയ, വെളിയത്ത് | 3072 | 2013-14മുതൽ അടവാക്കുന്നില്ല. നിലവിൽ പിഴ അടക്കം 18519 രൂപ കുടിശ്ശിക |
| 18/333B | ഡിവിഷണൽ മാനേജർ, ബി.എസ്.എൻ.എൽ. | 4983 | 2013-14മുതൽ അടവാക്കുന്നില്ല. നിലവിൽ പിഴ അടക്കം 30040 രൂപ കുടിശ്ശിക |
| 18/333C | ഡിവിഷണൽ മാനേജർ, ബി.എസ്.എൻ.എൽ. | 22995 | 2013-14മുതൽ അടവാക്കുന്നില്ല. നിലവിൽ പിഴ അടക്കം 138627 രൂപ കുടിശ്ശിക |

പഞ്ചായത്തിലെ എല്ലാ മൊബൈൽ ടവറുകളുടേയും വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 243 പ്രകാരം നടപടി സ്വീകരിക്കാതെ കാലഹരണപ്പെട്ട നികുതി കുടിശ്ശിക ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി കണക്കാക്കേണ്ടതാണ്.

## 2-6 നിർജ്ജീവഅക്കൗണ്ട് അവസാനിപ്പിക്കേണ്ടതാണ്

പഞ്ചായത്തിലെ ജലനിധി അക്കൗണ്ടിൽ നിലവിൽ ഇടപാടുകൾ ഇല്ല. അത്തരം അക്കൗണ്ടുകൾ അവസാനിപ്പിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)എസ്.ബി.ടി., പുന്നയൂർക്കുളം

അക്കൗണ്ട് നം.-- 57008831322

2005ന് ശേഷം ഇടപാടുകൾ ഇല്ല. 25.10.16 ന് 1215472 രൂപ ബാക്കിയുണ്ട്. ഈ അക്കൗണ്ടിൽ നിലവിൽ പലിശ കണക്കാക്കുക മാത്രമാണ് ചെയ്തുവരുന്നത്.

അക്കൗണ്ട് അവസാനിപ്പിച്ച് തുക ബന്ധപ്പെട്ട ഏജൻസിയിലേക്ക് തിരിച്ചടവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 തനതുഫണ്ടിന് ഒന്നിലധികം അക്കൗണ്ടുകൾ നിലനിർത്തുന്നു

സർക്കുലർ നമ്പർ. 58725/ എഫ്.എം.3/2008/ ത.സ്വ.ഭ.വ /26.5.11 അനുസരിച്ച് തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമെ ദേശസാൽകൃത ബാങ്കിലോ സഹകരണബാങ്കിലോ ഉള്ള ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണം എന്നും ഇതിനായി ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ട് നിലനിർത്തരുത് എന്നും നിർദ്ദേശമുണ്ട്. എന്നാൽ പുന്നയൂർക്കുളം പഞ്ചായത്തിന്റെ തനത് ഫണ്ട് എസ്.ബി.ടി.- പുന്നയൂർക്കുളം ബ്രാഞ്ച്, റ്റി.ഡി.സി.ബി ബാങ്ക് - പുന്നയൂർക്കുളം ബ്രാഞ്ച്, പുന്നയൂർക്കുളം സർവ്വീസ് സഹകരണബാങ്ക്

എന്നിവയിൽ നിക്ഷേപിക്കുന്നതായി കാണുന്നു. ഇത് ഏതെങ്കിലും ഒരു ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതിയുടെ 01.12.16ലെ 3(1) തീരുമാനപ്രകാരം റ്റി.ഡി.സി.ബി ബാങ്ക്, പുന്നയൂർക്കുളം ബ്രാഞ്ച് അക്കൗണ്ട് അവസാനിപ്പിക്കുവാൻ തീരുമാനിച്ചെങ്കിലും നടപടികൾ എടുത്തില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് മുൻപ് തന്നെ മുഴുവൻ തുകയും നിർവ്വഹണ ഉദ്യോഗസ്ഥർ ബന്ധപ്പെട്ട സ്ഥാപനത്തിന്/കരാറുകാരന് നൽകുന്നു

എ) നിർവ്വഹണ ഉദ്യോഗസ്ഥ : സെക്രട്ടറി

പ്രൊജക്ട് നമ്പർ : S0172/17

പ്രൊജക്ടിന്റെ പേര് : പഞ്ചായത്ത് ഓഫീസിൽ എൽ.ഇ.ഡി. ലൈറ്റ് സ്ഥാപിക്കൽ

ശ്രീ.അബ്ദുൾ കബീർ.ടി.പി. എന്ന ഇലക്ട്രിക്കൽ കോൺട്രാക്ടറുടെ ഉടമസ്ഥതയിലുള്ള എ.കെ.ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തെ ടെണ്ടർ അടിസ്ഥാനത്തിൽ പ്രവൃത്തി ഏൽപ്പിക്കുകയും ടി കോൺട്രാക്ടർ 22.03.17ലെ കത്തുമുഖേന പ്രവൃത്തി പൂർത്തീകരിച്ചതായി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ട്രഷറി ബിൽ നമ്പർ 30/16-17 dt. 30.03.17 പ്രകാരം 58,700/- രൂപ ടിയാന്റെ എസ്.ബി.ടി ചാവക്കാട് ശാഖയിലുള്ള 67055652456 നമ്പർ അക്കൗണ്ടിലേക്ക് നൽകുകയും ചെയ്തിട്ടുണ്ട്. രണ്ടു വർഷ വാറന്റിയോടുകൂടി 9 വാട്ട് ശേഷിയുള്ള 43 എൽ.ഇ.ഡി. ലൈറ്റുകളും (ഒന്നിന് 900/- രൂപ നിരക്കിൽ) 7 വാട്ട് ശേഷിയുള്ള 18 ലൈറ്റുകളുമാണ് (ഒന്നിന് 780/- രൂപ നിരക്കിൽ), (സ്ലീപ് വയർ - 5960/- രൂപ )) ആകെ 61 എണ്ണം സ്ഥാപിച്ച് പ്രവർത്തിപ്പിച്ച് നൽകിയതായാണ് ടിയാൻ അവകാശപ്പെട്ടിട്ടുള്ളത്. എന്നാൽ ഓഡിറ്റ് ടീം നടത്തിയ പരിശോധനയിൽ ആകെ 56 ലൈറ്റുകൾ മാത്രമാണ് സ്ഥാപിച്ചതായി കണ്ടത്. അതിൽ, 34 എണ്ണവും പ്രവർത്തിച്ചിരുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറി നമ്പർ 4/16.09.17 ന് ലഭിച്ച മറുപടി തൃപ്തികരമല്ല. ഓഡിറ്റ് എൻക്വയറിയെ തുടർന്ന് ചില പ്രവൃത്തികൾ നടത്തിയെങ്കിലും നിലവിൽ 5 എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുവാൻ ബാക്കിയുണ്ട്. 20 ബൾബുകൾ ഇനിയും പ്രവർത്തിക്കുന്നുമില്ല. ബിൽ പ്രകാരമുള്ള പ്രവൃത്തികൾ നടത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കാതെ കരാറുകാരന് മുഴുവൻ തുകയും നൽകിയ നടപടി ശരിയല്ല. തുക ലഭിച്ചതിന് ടിയാൻ കൈപ്പറ്റ് രസീതും നൽകിയതായി കാണുന്നില്ല. ആയതിനാൽ 58,700/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ബി) നിർവ്വഹണ ഉദ്യോഗസ്ഥ : സെക്രട്ടറി
പ്രൊജക്ട് നമ്പർ : S0004/17

പ്രൊജക്ടിന്റെ പേര് : ടച്ച് സ്ക്രീൻ, ടോക്കൺ മെഷീൻ സ്ഥാപിക്കൽ

ടെണ്ടർ നടപടികളുടെ അടിസ്ഥാനത്തിൽ, സെൻട്രൽ സർജിക്കൽസ്, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്ന് ടോക്കൺ മെഷീൻ (വില – 25762.50), ടച്ച് സ്ക്രീൻ കിയോസ്ക് (വില – 74196/-, ഇൻവോയ്സ് നമ്പർ : 2228/29.03.17) എന്നിവ വാങ്ങുകയും ആകെ 99959/- രൂപ (ട്രഷറി ബിൽ നമ്പർ 44/16-17 തി. 30.03.17) ടി സ്ഥാപനത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ, രണ്ട് ഉപകരണങ്ങളും ഓഡിറ്റ് സമയത്ത് ലഭ്യമായിരുന്നില്ല. ആയത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/16.09.17ന് നൽകിയ മറുപടി തൃപ്തികരമല്ല. ഓഡിറ്റ് എൻക്വയറിയെതുടർന്ന് ടോക്കൺ മെഷീൻ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ടച്ച് സ്ക്രീൻ കിയോസ്ക് ഇനിയും ലഭ്യമായിട്ടില്ല. ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് മുൻപ് മുഴുവൻ തുകയും സ്ഥാപനത്തിന് നൽകിയ നടപടി ശരിയല്ല. മേൽ സ്ഥാപനവുമായി കരാർ ചമക്കുകയോ മൂന്ന് വർഷത്തേക്ക് വാർഷിക പരിപാലനം ഉറപ്പാക്കുകയോ ചെയ്തിട്ടില്ല. തുക നൽകിയതിന് രസീതും ലഭിച്ചിട്ടില്ല. മേൽകാരണങ്ങളാൽ, ടച്ച് സ്ക്രീൻ കിയോസ്കിന്റെ വിലയായ 74,196/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

സി) മത്സ്യത്തൊഴിലാളികൾക്ക് വല നൽകുന്ന പദ്ധതി - മുഴുവൻ തുക നൽകിയെങ്കിലും 3 ഗുണഭോക്താക്കൾക്ക് വല ലഭിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥ : സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

പ്രൊജക്ട് നമ്പർ : S0169/17

അടങ്കൽ : 48,000/-

ഫണ്ട് : 24,000/- (വികസനഫണ്ട് പൊതുവിഭാഗം), 24,000/-(ഗുണഭോക്തൃവിഹിതം)

ട്രഷറി ബിൽ നമ്പർ : 2/16-17 dt. 30.03.17

വൗച്ചർ നമ്പർ : 21601137 dt. 25.03.17

മേൽപദ്ധതിയിൽ 8 ഗുണഭോക്താക്കൾക്ക് വല നൽകുന്നതിനായി 24,000/- രൂപ വികസനഫണ്ടിൽ നിന്നും 24,000/- രൂപ ഗുണഭോക്തൃവിഹിതം പിരിച്ചതിൽ നിന്നും കൈപ്പമംഗലം, മത്സ്യഫെഡ് വ്യാസസ്റ്റോറിന് നൽകിയിട്ടുണ്ടെങ്കിലും അഞ്ച് ഗുണഭോക്താക്കൾക്ക് മാത്രമേ വല ലഭ്യമാക്കിയിട്ടുള്ളൂ (30,000/-രൂപ). 18,000/- രൂപക്കുള്ള വല ഇനിയും മത്സ്യഫെഡ് നൽകേണ്ടതുണ്ട്. എല്ലാ ഗുണഭോക്താക്കൾക്കും വല ലഭിക്കുന്നതിന് മുൻപ് തന്നെ 48,000/- രൂപയും മത്സ്യഫെഡിന് നൽകിയ നടപടി ശരിയല്ല. ആയതിനാൽ, 18,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ: 5/16.09.17)

## 3-2 ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗം - പദ്ധതി മാർഗ്ഗരേഖാനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

1) നിർവ്വഹണ ഉദ്യോഗസ്ഥ : സെക്രട്ടറി

എ) പ്രൊജക്ട് നമ്പർ : S0200/17

പ്രോജക്ടിന്റെ പേര് : ചെറായി പാടശേഖരത്തിലേക്ക് വൈദ്യുതി ലൈൻ വലിക്കൽ

അടങ്കൽ : 126650/-

ട്രഷറി ബിൽ : 29/16-17 dt. 28.03.17, തുക – 40400/-

31/16-17 dt. 30.03.17, തുക – 86250/-

ബി) പ്രൊജക്ട് നമ്പർ : S0203/17

പ്രൊജക്ടിന്റെ പേര് : പരൂർ പാടശേഖരത്തിലേക്ക് വൈദ്യുതി ലൈൻ വലിക്കൽ

അടങ്കൽ : 517000/- , ബന്ധപ്പെട്ട ട്രഷറി ബിൽ : 33/16-17 dt. 30.03.17, തുക- 184924/-

മേൽപദ്ധതികളിൽ പരാമർശിച്ചിട്ടുള്ള പാടശേഖരങ്ങളിലേക്ക് മോട്ടോറിന് വൈദ്യുതി കണക്ഷൻ എടുക്കുന്നതിന് വേണ്ടി കെ.എസ്.ഇ.ബി.യിൽ അടവാക്കുന്നതിന് ആകെ 6,43,650/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ 311574/- രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റാണ്. പാടശേഖര സമിതികളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിലേക്ക് വൈദ്യുതി ലൈൻ വലിക്കുന്നതിന് സി.ഡി, ഒ.വൈ.ഇ.സി എന്നിവ കെ.എസ്.ഇ.ബി.യിൽ അടവാക്കുന്നതിനായി ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കുന്നതിന് 2016-17 വർഷത്തേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖയായ ജി.ഒ.(എം.എസ്) നം. 4/2016/തസ്വഭവ തി. 11.01.2016 ലെ ഖണ്ഡിക 12.6 പ്രകാരം വ്യവസ്ഥയില്ല. അടിസ്ഥാന സേവന സൗകര്യങ്ങളായ കുടിവെള്ള വിതരണം, ശുചിത്വം/കക്കൂസ് മാലിന്യ പരിപാലനം, മലിനജല നിർഗ്ഗമന സംവിധാനങ്ങൾ/ഖരമാലിന്യം എന്നിവയുടെ പരിപാലനം, സാമൂഹ്യ ആസ്തികളുടെ സംരക്ഷണം/പരിപാലനം, തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകളുടെ സംരക്ഷണം/പരിപാലനം, തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡിനിരുവശത്തുമുള്ള നടപ്പാതകൾ, സ്ട്രീറ്റ് ലൈറ്റ്, ശ്മശാനങ്ങളുടെ ആരംഭിക്കൽ/സ്ഥാപിക്കൽ എന്നീ ചുമതലകൾ നിർവ്വഹിക്കുന്നതിന് വേണ്ടി മാത്രമേ ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കുവാൻ പാടുള്ളൂ. മാർഗ്ഗരേഖാനിർദ്ദേശങ്ങളനുസരിച്ച് ഗ്രാന്റ് ചെലവഴിക്കാത്തതിനാൽ 3,11,574/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ടി പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാവുന്ന മുറയ്ക്ക് ഹാജരാക്കേണ്ടതാണ്.

2) നിർവ്വഹണ ഉദ്യോഗസ്ഥ : കൃഷി ഓഫീസർ

പ്രൊജക്ട് വിശദാംശങ്ങൾ :
എ) S0057/17, സമഗ്ര നെൽകൃഷി വികസനം

അടങ്കൽ : 7,00,000/- , ചെലവ് : 6,99,600/-, ബന്ധപ്പെട്ട ട്രഷറി ബിൽ : 3/16-17 dt. 21.02.17

ബി) S0065/17, നടീൽവസ്തുക്കൾ വിതരണം, അടങ്കൽ 2,55,000/-: , ബന്ധപ്പെട്ട ട്രഷറി ബിൽ : 4/16-17 dt. 21.02.17, തുക - 1,98,937/-

മേൽപദ്ധതികളിൽ വിഭവ സ്രോതസ്സായി വകയിരുത്തി ചെലവഴിച്ചിട്ടുള്ളത് ധനകാര്യ കമ്മീഷൻ ഗ്രാന്റാണ്. 2016-17 വർഷത്തേക്ക് ബാധകമായ പദ്ധതി/സബ്സിഡി മാർഗ്ഗരേഖയായ ജി.ഒ.(എം.എസ്)നം.04/2016/ തസ്വഭവ തിയ്യതി 11.01.2016, ഖണ്ഡിക 12.6 പ്രകാരം വ്യക്തിഗത ഗുണഭോക്താക്കൾക്ക് വിത്ത്, വളം, നടീൽ വസ്തുക്കൾ എന്നിവ വിതരണം ചെയ്യുന്നതിന് ടി ഫണ്ട് ഉപയോഗിക്കുവാൻ അനുമതിയില്ല. ആയതിനാൽ 8,98,537/- രൂപയുടെ

(699600+198937)ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡി പരിധി പാലിക്കാതെ നടീൽവസ്തുക്കൾ വിതരണം ചെയ്തു

നിർവ്വഹണ ഉദ്യോഗസ്ഥ : കൃഷി ഓഫീസർ

പ്രൊജക്ട് നമ്പർ : S0065/17

പ്രൊജക്ടിന്റെ പേര് : നടീൽ വസ്തുക്കൾ വിതരണം

അടങ്കൽ : 2,55,000/-

ചെലവ് : 2,51,800/-

ട്രഷറി ബിൽ : 2/16-17 dt. 21.02.17 (വികസനഫണ്ട് പൊതുവിഭാഗം - 51063/-)

4/16-17 dt. 21.02.17 (ധനകാര്യകമ്മീഷൻ ഗ്രാന്റ് - 198937/-)

വൗച്ചർ നമ്പർ : 21601218 dt. 31.03.17 (തനത് ഫണ്ട് - 1800/-)

മേൽപദ്ധതിയിൽ മാതളം, മുള്ളാത്ത, കറിവേപ്പ്, കാന്താരി മുളക് എന്നിവയാണ് വിതരണം ചെയ്തിട്ടുള്ളത്. 2016-17 വർഷത്തേക്ക് ബാധകമായ പദ്ധതി / സബ്സിഡി മാർഗ്ഗരേഖയായ ജി.ഒ.(എം.എസ്) നം. 04/2016/തസ്വഭവ തിയ്യതി 11.01.2016 പ്രകാരം ഫല, പുഷ്പ, വാഴ, ഔഷധസസ്യ കൃഷിക്കുള്ള വിത്തുകൾക്കും തൈകൾക്കും 75% സബ്സിഡിയാണ് നൽകാവുന്നത്. സ.ഉ.(സാധാ) നം. 3495/2016/തസ്വഭവ തിയ്യതി 22.12.16 പ്രകാരം പച്ചക്കറി വിത്തുകൾക്കും നടീൽവസ്തുക്കൾക്കും മാത്രം സബ്സിഡി 100% ആക്കി ഉയർത്തിയിട്ടുണ്ട്. സ.ഉ.(സാധാ)നം. 397/17/ തസ്വഭവ തിയ്യതി 13.02.2017, സ.ഉ.(സാധാ)നം. 593/17/ തസ്വഭവ തിയ്യതി 03.03.2017 എന്നീ സർക്കാർ ഉത്തരവുകളിൽ പച്ചക്കറി വിത്തുക്കൾക്കും നടീൽ വസ്തുക്കൾക്കും, കശുമാവിനും മാത്രമാണ് 100% സബ്സിഡി അനുവദിക്കാവുന്നതെന്ന് സ്പഷ്ടമാക്കിയിട്ടുണ്ട്. ആയതിനാൽ വി.എഫ്.പി.സി.കെ., സ്വാശ്രയ കർഷക സമിതി, മുണ്ടത്തിക്കോട് ശാഖയിൽ നിന്നും ഫലവൃക്ഷതൈകളായ മാതളം, മുള്ളാത്ത എന്നിവ (2500 എണ്ണം വീതം, ഒന്നിന് 40/- രൂപ നിരക്കിൽ, ബിൽ നമ്പർ 1517 dt. 30.01.17) വാങ്ങി 100% സബ്സിഡി നൽകി വിതരണം ചെയ്ത നടപടി ശരിയല്ല. ഇപ്രകാരം വിതരണം നടത്തിയതിനാൽ 50,000/- രൂപ അധികം ചെലവുവന്നതായി കണക്കാക്കുന്നു. ടി ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു

എ) ടി.എസ്.പി. ഫണ്ട് തിരിച്ചടവിന് രേഖയില്ല

നിർവ്വഹണ ഉദ്യോഗസ്ഥ : സെക്രട്ടറി

പ്രൊജക്ട് നമ്പർ : S0154/17

പ്രൊജക്ടിന്റെ പേര് : ടി.എസ്.പി ഫണ്ട് തിരിച്ചടവ്

ട്രഷറി ബിൽ നമ്പർ 45/16-17 തി. 30.03.17 പ്രകാരം ടി.എസ്.പി ഫണ്ട് 21,291/- രൂപ ട്രഷറിയിൽ തിരികെ അടവാക്കുന്നതിന് പിൻവലിച്ചിട്ടുണ്ട്. എന്നാൽ, തുക തിരികെ ട്രഷറിയിൽ അടവാക്കിയതിന് രേഖ ഹാജരാക്കിയിട്ടില്ല. രേഖയുടെ അഭാവത്തിൽ 21,291/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ബി) പാടശേഖരസമിതിക്ക് നെൽവിത്ത് വിതരണം ചെയ്തതിന് രേഖയില്ല
നിർവ്വഹണ ഉദ്യോഗസ്ഥ : കൃഷി ഓഫീസ്സ

| ക്രമ നമ്പർ | പ്രോജക്റ്റ് വിശദാംശങ്ങൾ | ട്രഷറി ബിൽ വിവരങ്ങൾ | അപാകതയുമായി ബന്ധപ്പെട്ട ചെലവ് | റിമാർക്സ് |
|---|---|---|---|---|
| 1 | S0057/17, സമഗ്ര നെൽകൃഷി വികസനം, അടങ്കൽ:7,00,000/- | 03/16-17 dt.21.02.17 തുക-6,99,600/- | 50,400/- | കിലോഗ്രാമിന് 40/- രൂപ വിലയുള്ള ഉമ (300 kg), ജ്യോതി (960 kg) ഭട്ടതിരി പാടശേഖര സമിതിക്ക് നൽകിയതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പാടശേഖര സമിതി വിതരണ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. |

വിതരണരേഖയുടെ അഭാവത്തിൽ 50,400/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 വാങ്ങൽ നടത്തി ആറുമാസമായിട്ടും ഇലക്ട്രിക്കൽ ഉപകരണങ്ങൾ സ്ഥാപിക്കാതെ സൂക്ഷിച്ചിരിക്കുന്നു

പ്രൊജക്റ്റ് നമ്പർ : S0187/17

പ്രൊജക്റ്റിന്റെ പേര് : ഫ്രണ്ട് ഓഫീസിൽ ടെലിവിഷനും എയർകണ്ടീഷണറും സ്ഥാപിക്കൽ

ട്രഷറി ബിൽ നമ്പർ : 19/16-17 തി. 15.03.17, തുക – 1,00,000/-

മേൽപദ്ധതിയിൽ ഇംപാക്റ്റ് എന്റർപ്രൈസസ്, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നമ്പർ 4/07.03.17 പ്രകാരം എയർ കണ്ടീഷനറുകൾ (ഐബെൽ, 1.5 ടൺ, 2 എണ്ണം, ഒന്നിന് 37,000/- വീതം രണ്ടെണ്ണത്തിന് 74,000/-), ടെലിവിഷൻ (ഷാർപ്, എൽ.ഇ.ഡി, 1 എണ്ണം, 26,000/-) എന്നിവ വാങ്ങിയിട്ടുണ്ട്. എന്നാൽ, വാങ്ങിയിട്ട് ആറുമാസയെങ്കിലും ടി ഉപകരണങ്ങൾ നാളിതുവരെയും സ്ഥാപിച്ചുകാണുന്നില്ല. ആയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 4/16.09.17ന് നൽകിയ മറുപടി തൃപ്തികരമല്ല. സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങിയ ഉപകരണങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. വാങ്ങലുകൾ ആവശ്യകത കണക്കാക്കി മാത്രം നടത്തുന്നതിനും, വാങ്ങിയ ഉപകരണങ്ങൾ, പ്രത്യേകിച്ചും ഇലക്ട്രിക്കൽ ഉപകരണങ്ങൾ, കാലതാമസം കൂടാതെ സ്ഥാപിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ചെലവുതുകയായ 1,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-6 ആവശ്യകത കണക്കാക്കിയതുപ്രകാരമുള്ള വിവരങ്ങൾ ടെണ്ടർ സ്പെസിഫിക്കേഷനിൽ ഉൾപ്പെടുത്തേണ്ടതാണ്

പ്രൊജക്ട് നമ്പർ : S0114/17

പ്രൊജക്ടിന്റെ പേര് : ഇൻസിനേറ്റർ സ്ഥാപിക്കൽ

അടങ്കൽ : 2,00,000/-

ഫണ്ട് : 50,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ട്രഷറി ബിൽ : 22/16-17 തി. 28.03.17)

150000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം, വൗച്ചർ നമ്പർ: 21601174/29.03.17)

ഇൻസിനറേറ്റർ വാങ്ങലിനായി ടെണ്ടർ നടപടികളുടെ അടിസ്ഥാനത്തിൽ 4 ടെണ്ടറുകൾ ലഭിച്ചതിൽ ഏറ്റവും കൂടുതൽ തുക ക്വാട്ട് ചെയ്ത (തുക – 224000/- രൂപ) സ്റ്റീൽ ടെക്ക്, കോർട്ട് സൊല്യൂഷൻ (പ്രൈ.ലി), കോഴിക്കോട് എന്ന സ്ഥാപനത്തിനാണ് കരാർ നൽകിയിട്ടുള്ളത്. മറ്റ് സ്ഥാപനങ്ങളുടെ നിരക്കുകൾ താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| റെയ്ഡ്കോ, കേരള ലിമിറ്റഡ്,<br>എസ്.ടി.നഗർ, തൃശ്ശൂർ | 1,80,000/- + 14.5% VAT<br>50 kg capacity |
| ദി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ ലിമിറ്റഡ്,<br>അരിമ്പൂർ, തൃശ്ശൂർ | 194250/-<br>(25 kg, 12 ft)<br>446250/-<br>(25 kg, 36 ft)<br>1365000/-<br>(25kg, 100 ft)<br>എല്ലാ നികുതികളും ഉൾപ്പെടെ |
| പ്രകൃതി, തൈക്കാട്ടുകര, ആലുവ | 194250/-<br>(25 kg, 6 metre) |

ടെണ്ടർ സ്പെസിഫിക്കേഷൻ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. എയർ പൊല്യൂഷൻ കൺട്രോൾ സിസ്റ്റത്തോടുകൂടിയ, രണ്ട് വർഷ വാറന്റിയുള്ള ഇൻസിനറേറ്ററാണ് ടി സ്ഥാപനം നൽകുന്നതെന്ന കാരണത്താലാണ് പഞ്ചായത്ത് ഭരണസമിതിയുടെ 27.10.16 ലെ 2(6) നമ്പർ തീരുമാനപ്രകാരം കൂടിയ തുകയായിട്ടും ടി സ്ഥാപനത്തിന് കരാർ നൽകിയത്. ഓരോ സ്ഥാപനവും സമർപ്പിച്ച നിരക്കുകളിലും സ്പെസിഫിക്കേഷനിലും ഏകീകൃത സ്വഭാവമില്ലെന്നത് മേൽപട്ടികയിൽ നിന്ന് വ്യക്തമാണ്. വ്യക്തമായ വിവരങ്ങൾ ടെണ്ടർ സ്പെസിഫിക്കേഷനിൽ ഉൾപ്പെടുത്താതിരുന്നത് കൊണ്ട് മത്സരാധിഷ്ഠിതമായ വില ഈ പ്രവൃത്തിയിൽ ഉറപ്പാക്കുന്നതിന് കഴിഞ്ഞിട്ടില്ല. ടെണ്ടർ ക്ഷണിക്കുമ്പോൾ സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും പാലിക്കുന്നതിനും വ്യക്തമായ വിവരങ്ങൾ സ്പെസിഫിക്കേഷനിൽ ഉൾപ്പെടുത്തുന്നതിനും

ശ്രദ്ധിക്കേണ്ടതാണ്.

## 3-7 ശുചിത്വ മിഷനിൽ നിന്നും ലഭിച്ച തുക നാല് വർഷത്തിനുശേഷം ഭാഗികമായി ചെലവഴിച്ചു. ബാക്കി തുക തിരിച്ചടച്ചതിന്റെവിശദാംശങ്ങൾ ഇല്ല.

12/11/12ൽ ശുചിത്വ മിഷനിൽ നിന്നും ലഭിച്ച രൂപ 342500യിൽ നിന്ന് 166200രൂപ ഭാഗികമായി ചെലവഴിച്ച് 176300രൂപ 84/12-16 (16-17) എന്ന വൗച്ചർ പ്രകാരം പിൻവലിച്ച് ശുചിത്വമിഷനിലേക്ക് തിരിച്ചടച്ചതായി കാണുന്നു. ഭാഗികമായി ചെലവഴിച്ച രൂപ 166200യുടെ വിശദാംശങ്ങൾ, 16-17 വർഷം തിരിച്ചടച്ച രൂപ 176300യുടെ രശീതി, മറ്റുവിശദാംശങ്ങൾ എന്നിവ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 3-8 റോഡ് നിർമ്മാണ പ്രവൃത്തികൾ ഭാഗികമായി അവസാനിപ്പിക്കുന്നു.

റോഡ് നിർമ്മാണ പ്രവൃത്തികൾ തുകയുടെ പരിമിതിയുണ്ടാവുന്ന പക്ഷം ബഹുവർഷ പ്രോജക്ടായി ഏറ്റെടുക്കാവുന്നതാണ്. സോളിങ്ങ്/മെറ്റലിങ്ങ് വരെയുള്ള ഇനങ്ങൾ മാത്രം പൂർത്തിയാക്കി ഗതാഗതത്തിന് തുറന്ന് കൊടുക്കുന്നത് മൂലം മെറ്റലിങ്ങ് ഇളകി തെറിച്ച് യാത്ര കൂടുതൽ ദുഷ്കരമാവുകയും പിന്നീട് ടാറിങ്ങ് പ്രോജക്ട് ഏറ്റെടുക്കുന്ന സന്ദർഭത്തിൽ അതുവരെ പൂർത്തീകരിച്ച ഇനങ്ങൾ വീണ്ടും ചെയ്യേണ്ട അവസ്ഥയുണ്ടാവുകയും സാമ്പത്തിക നഷ്ടത്തിന് കാരണമാവുകയും ചെയ്യുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ സോളിങ്ങ് മാത്രം നടത്തി അവസാനിപ്പിച്ച ഏതാനും റോഡ് പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെപറയുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 69/17-തൃപ്പറ്റ് കരുമതാഴത്ത് റോഡ് മെറ്റലിങ്ങ് | 300000 | 300000 |
| 2 | 80/17-അറാഫത്ത് റോഡ് മെറ്റലിങ്ങ് | 290143 | 271728 |
| 3 | 158/17-കുനത്തയിൽ കോളനി റോഡ് മെറ്റലിങ്ങ് | 184900 | 184900 |

മരാമത്ത് പ്രവൃത്തികൾ ഭാഗികമായി ആസൂത്രണം ചെയ്യുന്നതിന് പകരം പൂർത്തീകരണത്തിന് ആവശ്യമായ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ബഹുവർഷ പ്രോജക്ടായി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. (2015-16 മുതൽ വളരെ ഉയർന്ന നിരക്കുള്ള ഡൽഹി ഷെഡ്യൂൾ നിരക്കാണ് മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ അവലംബിക്കുന്നത്)

## 3-9 പ്രവൃത്തി പൂർത്തീകരണം അനുവദനീയമായ കാലത്തിനുശേഷം: ദീർഘീകരണകാലത്തെ പിഴ

## ഈടാക്കിയിട്ടില്ല.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2112-1 പ്രകാരം കാലാവധി നീട്ടാതെ പൂർത്തീകരണ കാലാവധിക്കുശേഷം നിർവഹിച്ച പ്രവർത്തികളിന്മേൽ നിയമാനുസൃത പിഴ ഈടാക്കാൻ വ്യവസ്ഥയുണ്ട്. എന്നാൽ പിഴ ഈടാക്കാതെ ബിൽ സെറ്റിൽ ചെയ്തതുമൂലം സ്ഥാപനത്തിന് ഉണ്ടായ നഷ്ടം ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. മരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെപറയുന്നു.

| ക്രമ നമ്പർ | പ്രവൃത്തി പ്രോജക്ട് അടങ്കൽ കരാറുകാരൻ | ആകെ പ്രവൃത്തിമൂല്യം | എം.ബി. | കരാർവെച്ച തിയ്യതി | സൈറ്റ് ഏറ്റെടുത്ത തിയ്യതി | പൂർത്തീകരിച്ച തിയ്യതി |
|---|---|---|---|---|---|---|
| 1 | പനന്തറ എസ്.സി.കോളനി-അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ 1077000 അനിൽകുമാർ.ടി.ടി | 927414 | 31/14-15 34/16-17 | 2-12-13(23/AE/LSGD/PKLM/13-14) | 2-12-13 | 21-4-16 |
| 2 | ലാബ് നിർമ്മാണം കൃഷിഭവൻ ബിൽഡിംഗ് 172/16 495000 സുനിൽ. ഇ.വി | 425198 | 66/15-16 64/16-17 | 4-3-16(57/AE/LSGD/15-16) | 4/3/16 | 24/6/17 |

ആറ് മാസകാലയളവിൽ പൂർത്തീകരിക്കേണ്ട പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ പിഴ ഫൈനൽ ബില്ലിൽ സെറ്റിൽ ചെയ്യാതെ ഒഴിവാക്കി നൽകിയത് ഓഡിറ്റിൽ ഗൗരവമായി വീക്ഷിക്കുന്നു.

## 3-10 സമഗ്രമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെ ലഭ്യമായ തുകയ്ക്ക് അനുസരിച്ച് ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് അംഗീകാരം നൽകി, പ്രവൃത്തി ആരംഭിക്കുന്നു. പ്രോജക്ട് ലക്ഷ്യപ്രാപ്തി കൈവരിക്കാതെ അനന്തമായി നീണ്ടുപോകുന്നു.

സ.ഉ. (എം.എസ്.) 4/2016 ത.സ്വ.ഭ.വ തി.11/1/16 ഖണ്ഡിക (xiii) സി പ്രകാരം ഒരു കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണം. ഇലക്ട്രിഫിക്കേഷൻ, പ്ലമ്പിങ്ങ് എന്നിവയ്ക്ക് എസ്റ്റിമേറ്റിൽ ' ലംപ്സം '

ആയി തുക വകയിരുത്തുകയും കെട്ടിടത്തിന്റെ സ്ട്രക്ചർ ആയി കഴിഞ്ഞാൽ ഇവയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാംഗീകാരം ലഭ്യമാക്കി മരാമത്തു ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ച് പണി പൂർത്തീകരിക്കുകയുമാണ് വേണ്ടത്.

ലഭ്യമായ തുകയ്ക്ക് അനുസരിച്ച് ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അഥവാ അങ്ങനെ തയ്യാറാക്കിയാൽ അതിനു അംഗീകാരം നൽകുവാനോ പാടില്ല. തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി ഏറ്റെടുക്കണമെന്നും മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നുണ്ട്. മേൽപ്രകാരം പ്രവൃത്തിയുമായി ബന്ധപ്പെട്ട് സമഗ്രമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ കീഴിലുള്ള കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരിക്കുന്നതിന് രണ്ട് പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കി. പ്രോജക്ടുകളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

എ)<u>അണ്ടത്തോട് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം</u>

പ്രോജക്ട് നം: 125/14 & 65/15.

നിർമ്മാണം - നിർമ്മിതി കേന്ദ്ര, തൃശ്ശൂർ

എം.ബുക്ക് നം. 120/13-14&161/16-17

അടങ്കൽ – മുപ്പത് ലക്ഷം

ബി) <u>അണ്ടത്തോട് കമ്മ്യണിറ്റി ഹാൾ പൂർത്തീകരണം.</u>

പ്രോജക്ട് നം.165/17

എം.ബുക്ക് നം.39/14-15.

നിർമ്മാണം – നിർമ്മിതി കേന്ദ്ര, തൃശ്ശൂർ

അടങ്കൽ – 2689172/-

4/3/2014ന് കരാർവെച്ചെങ്കിലും ഹാൾ ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യത നീണ്ടുപോകുന്നതു അത്യന്തം ഗൗരവത്തോടെ കാണുന്നു. വെള്ളം, വൈദ്യുതി കണക്ഷൻ എന്നിവ പൂർത്തിയാക്കാൻ ശേഷിക്കുന്നതായി ഭൗതിക പരിശോധനയിൽ കണ്ടു. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## **3-11** <u>ടാറിന്റെ വിലയിലെ ഏറ്റകുറച്ചിൽ. പെട്രോളിയം കമ്പനിയിൽ അടച്ച തുക **213121/-**</u>

<u>തിരിച്ചുപിടിക്കേണ്ടതാണ്.</u>

വിവിധ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്ന് കുറവുചെയ്ത ഷെഡ്യൂൾ നിരക്കിലുള്ള ടാറിന്റെ വില ട്രഷറി വഴി കൈമാറിയ തുകക്കത്രയും ടാർ കമ്പനി കൈമാറിയിട്ടില്ല. വിലയിലെ ഏറ്റക്കുറച്ചിൽ കാരണം പെട്രോളിയം കമ്പനിയിൽ അധികം സ്വരൂപിക്കപ്പെട്ട തുക 213121/- തിരിച്ചുപിടിക്കേണ്ടതാണ്. വിശദവിവരം താഴെപറയുന്നു.

| ബിൽ നമ്പർ തിയ്യതി | പ്രോജക്റ്റ് നമ്പർ | ബില്ലിൽ നിന്ന് കുറവ് ചെയ്ത തുക | പെട്രോളിയം കമ്പനി. |
|---|---|---|---|
| 78/20-1-17 | 62/17 | 86902 | BPCL, Cochin |
| 79/20-1-17 | 63 | 146708 | ,, |
| 80/20-1-17 | 66 | 163928 | ,, |
| 81/20-1-17 | 68 | 28856 | ,, |
| 82/21-1-17 | 72 | 54603 | ,, |
| 83/21-1-17 | 73 | 68705 | ,, |
| 84/21-1-17 | 74 | 207611 | ,, |
| 85/21-1-17 | | 31080 | ,, |
| 86/22-1-17 | 78 | 34664 | ,, |
| 87/22-1-17 | 79 | 105462 | ,, |
| 88/22-1-17 | 36 | 140618 | ,, |
| 89/22-1-17 | 83 | 12552 | ,, |
| 91/22-1-17 | 100 | 51684 | ,, |
| 90/22-1-17 | | 98009 | ,, |
| 92/22-1-17 | 86 | 102764 | ,, |
| 118/22-1-17 | 62 | 60537 | Hincole |
| 119/22-1-17 | 68 | 24215 | ,, |
| 120/22-1-17 | 73 | 48430 | ,, |
| 121/22-1-17 | 77 | 12107 | ,, |
| 122/22-1-17 | 78 | 24215 | ,, |
| 123/22-1-17 | 81 | 12107 | ,, |
| 124/22-1-17 | 83 | 12107 | ,, |
| 117/22-1-17 | 100 | 36323 | ,, |
| | ആകെ | 1564187 | ,, |

ബിൽ പ്രകാരം പഞ്ചായത്തിന് കൈമാറിയ ബിറ്റുമെൻ വിശദാംശങ്ങൾ താഴെപറയുന്നു.

| ഇൻവോയ്സ് | പ്രോഡക്റ്റ് | ക്വാണ്ടിറ്റി | ആകെ | കമ്പനി |
|---|---|---|---|---|

| നമ്പർ | ഡിസ്ക്രിപ്ഷൻ | | തുക | |
|---|---|---|---|---|
| 9951 dt. 4-3-17 | Vg 30 | 60 barrel | 328454 | BPCL |
| 1310 dt. 8-3-17 | Vg 30 | 42 | 229918 | |
| 1311 dt. 8-3-17 | RS1 | 17 | 116090 | |
| 2977 dt. 11-3-17 | Vg 30 | 24 | 131382 | |
| 2680 dt. 11-3-17 | Vg 30 | 60 | 328454 | |
| 2573 dt. 17-3-17 | SS1 | 18 | 216768 | HINCOL |
| | | ആകെ | 1351066 | |

പെട്രോളിയം കമ്പനിയിൽ അധികം സ്വരൂപിക്കപ്പെട്ട തുക 213121/- (1564187-1351066) തിരികെ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-12 മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് അനവദനീയമായതിലും അധികം നൽകി.

നിർവ്വഹണ ഉദ്യാഗസ്ഥൻ – ICDS സൂപ്പർവൈസർ
പ്രോജക്റ്റ് : 43/17
അടങ്കൽ : 730100

12-ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന ഡേ സ്കോളർക്കുള്ള സ്കോളർഷിപ്പ് 18200/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. (സ്കോളർഷിപ്പ് 12x1000=12000, യൂണിഫോം ബത്ത = 800, ബാഗ് & സ്റ്റേഷനറി = 1400, ടി.എ 10x400 = 4000, ആകെ 18200). എന്നാൽ സുബിത വി. എന്ന വിദ്യാർത്ഥിക്ക് രൂപ 20400 (Rs.14508 Cheque No.049610 dt.24/3/17, Rs.5892 Cheque No. 049609 dt.24/3/17) അനുവദിച്ചിട്ടുണ്ട്. അർഹമായതിലും അധികം നൽകിയ 2200/-രൂപ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് പഞ്ചായത്തിൽ അടവാക്കി.

## 3-13 തൊഴിലുറപ്പ് പദ്ധതി:റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ വേതന/സാധന ഘടകത്തിൽ 60:40 എന്ന അനുപാതം പാലിക്കപെട്ടില്ല. അവിദഗ്ധ തൊഴിലാളികളുടെ തൊഴിൽ സാധ്യത നഷ്ടപ്പെടുത്തുന്നു.

ഓരോ ഗ്രാമപഞ്ചായത്തിനും വേതന/സാധന ഘടകങ്ങൾ 60:40 എന്ന അനുപാതത്തിൽ നിലനിൽക്കത്തക്ക രിതിയിൽ റോഡ് കോൺക്രീറ്റ് പണികൾ ഏറ്റെടുക്കാൻ 24/6/15ലെ സ.ഉ.(കൈ) 212/15 എൽ.എസ്.ജി.ഡി. പ്രകാരം ഉത്തരവുള്ളതാണ്. 2016-17 സാമ്പത്തികവർഷം റോഡ് കോൺക്രീറ്റ് പണികൾ പൂർത്തികരിച്ചതിൽ ഒട്ടുമിക്ക പ്രവൃത്തികളിലും വേതന സാധന ഘടകങ്ങൾ തമ്മിലുള്ള 60:40 എന്ന അനുപാതം പാലിക്കപ്പെട്ടില്ല. ആകെ പ്രവൃത്തിമൂല്യത്തിന്റെ കേവലം വളരെ കുറഞ്ഞ ശതമാനം മാത്രമാണ് അവിദഗ്ധ തൊഴിലാളികളുടെ കൂലിയിനത്തിൽ ചെലവഴിക്കപ്പെടുന്നത്. ഇത് തൊഴിലുറപ്പ് പദ്ധതിയുടെ അന്ത:സത്ത ഇല്ലാതാക്കുന്നതാണ്. ചില ഉദാഹരണങ്ങൾ താഴെപറയുന്നു.

| പ്രവൃത്തി | ചെലവ് | വേതന ഘടകം | സാധന ഘടകം | മസ്റ്റർ റോൾ നമ്പർ |
|---|---|---|---|---|
| വനിത റോഡ് നിർമ്മാണം | 440376 | 117360 | 320571 | 38321<br>4216 |
| ഫാം റോഡ് നിർമ്മാണം | 494009 | 130560 | 360729 | 3912<br>3753 |
| തുപ്പറ്റ് കണി റോഡ് നിർമ്മാണം | 491929 | 130560 | 358649 | 3704<br>3910 |
| തുപ്പറ്റ് ആലുംവീട്ടമ്പലം റോഡ് നിർമ്മാണം | 331363 | 87360 | 242183 | 3522<br>3754 |
| പൂഴിക്കള ചെരപറമ്പ് റോഡ് നിർമ്മാണം | 466949 | 123360 | 341019 | 3913 |

| | | | | |
|---|---|---|---|---|
| | | | | 4107 |

വേതന ഘടകം/സാധന ഘടകം 60:40 എന്ന അനുപാതത്തിന് വിരുദ്ധമായി ചെലവ് നടത്താനുണ്ടായ സാഹചര്യം വിശദികരിക്കേണ്ടതാണ്.

# 3-14 എം എൻ ലക്ഷം വീട് -- തുക മുഴുവനായും ചെലവഴിച്ചിട്ടില്ല.

കേരള ഭവനനിർമ്മാണ ബോർഡ് ചീഫ് എഞ്ചിനീയറുടെ P4/MNOLHS/2172/0/HB /Vol IV dated 11.10.11 പ്രകാരം 3800000 രൂപ 48 ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി ലഭിച്ചു.

40 General x75000 = 3000000

7 SC x 100000 = 700000

1 P H x100000 = 100000

ആകെ = 3800000

എന്നാൽ മേല്പറഞ്ഞ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കും ധനസഹായം നൽകിയില്ല. ആകെ 11 പേർക്കാണ് ധനസഹായം നൽകിയത്. പുന്നയൂർക്കുളം സർവ്വീസ് സഹകരണബാങ്കിലെ അക്കൗണ്ട് നം.3374 ൽ നിലവിൽ 3709557 രൂപ ബാക്കിയുണ്ട്. എല്ലാ ഗുണഭോക്താക്കൾക്കും സഹായം നൽകാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്. ചെലവഴിക്കാത്ത തുക സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

# 3-15 ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്റ്റ് -- S118/17 –ഭവനനിർമ്മാണം എസ്.സി.

നിർവ്വഹണ ഉദ്യോഗസ്ഥൻ -- വി.ഇ.ഒ.

2011-12 ൽ ആരംഭിച്ച ഈ പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. 36 ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കി. 7പേർ പണി പൂർത്തിയാക്കിയില്ല. 3 വ്യക്തികൾ മുൻകൂർ കൈപ്പറ്റുക മാത്രമാണ് ചെയ്തത്.

വിശദാംശങ്ങൾ

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|
| സുമിത്ര, പൊറ്റയിൽ | 80000 |
| മണി, കളത്തിങ്കൽ | 140000 |
| ഷാജൻ, മുക്കണ്ടത്ത് തറയിൽ | 140000 |
| രാജേഷ്, പരപ്പിത്തറയിൽ | 80000 |
| ശിവദാസ്, പരപ്പിത്തറയിൽ | 180000 |

| | |
|---|---|
| ശാരദ വാസു, കാവുങ്കൽ | 110000 |
| ചന്ദ്രൻ, കുന്നത്ത് വളപ്പിൽ | 140000 |

മേൽ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മുൻകൂർ കൈപ്പറ്റിയവർ

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|
| സുധ അറക്കൽ | 50000 |
| തങ്ക അപ്പുക്കുട്ടൻ, മുപ്പാടത്ത് | 50000 |
| ഷാജി ചക്കംപൊന്നത്ത് | 50000 |

മേൽ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പ്രവൃത്തികൾ ആരംഭിക്കാത്തതിനാൽ നൽകിയ തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-16 EMS ഭവനനിർമ്മാണം നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല

2010-11 വർഷം ആരംഭിച്ച EMS ഭവനനിർമ്മാണം പദ്ധതിയിൽ ആകെ 43 ഗുണഭോക്താക്കൾ ആണ് ഉള്ളത്. 41 വ്യക്തികൾ മാത്രമാണ് നിർമ്മാണം പൂർത്തിയാക്കിയത്. 2 പേർ നാളിതുവരെ ഭവനം നിർമ്മിച്ചിട്ടില്ല.

മുഹമ്മദ്കുട്ടി, തറയിൽ, സൈനബ മുഹമ്മദുണ്ണി, നാലകത്ത് എന്നീ ഗുണഭോക്താക്കൾ 52500 രൂപ വീതം കൈപ്പറ്റിയെങ്കിലും ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഈ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-17 വിനിയോഗവിവരം ലഭ്യമായിട്ടില്ല.

ABC പദ്ധതിക്കുവേണ്ടി ജില്ലാപഞ്ചായത്തിന് തുക കൈമാറൽ (S089/17)

നിർവ്വഹണ ഉദ്യോഗസ്ഥൻ -- വെറ്ററിനറി സർജൻ

ബിൽ നം.-- KVP1/16-17/24.3.17- 75000/-

തുക ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലേക്ക് കൈമാറി. വിനിയോഗവിവരം ലഭിച്ചിട്ടില്ല. ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

# 3-18 മരുന്ന് ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നടപ്പാക്കിയ പാലിയേറ്റീവ് കെയർ (91/17)

പദ്ധതിയിൽ നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല.

ബിൽ നം. -- 07/15.2.17 – 171597

11/3.3.17 -- 22777

പിൻവലിച്ച തുകയിൽ 183752രൂപ KMSCL ന് നൽകിയെങ്കിലും നാളിതുവരെ മുഴുവൻ തുകക്കുമുള്ള മരുന്നുകൾ ലഭിച്ചിട്ടില്ല. സാന്ത്വനപരിചരണം പദ്ധതിയിൽ ഉൾപ്പെട്ട ശയ്യാവലംബികളായ രോഗികൾക്ക് യഥാസമയം മരുന്ന് ലഭ്യമാക്കുവാൻ കഴിയുന്നില്ല. മരുന്ന് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-19 തുക കൈമാറിയെങ്കിലും പദ്ധതി നടപ്പാക്കിയിട്ടില്ല.

പ്രോജക്ട് -- 98/17-- സാനിറ്ററി നാപ്കിൻ വിതരണവും ഇൻസിനറേറ്റർ സ്ഥാപിക്കലും

നിർവ്വഹണ ഉദ്യോഗസ്ഥ -- ഹെഡ് മിസ്ട്രസ്, ജി.എം.എൽ.പി.എസ്., അണ്ടത്തോട്

ബിൽ നം.- 2/16-17/24.3.17-- 74880

സർക്കാർ ഉത്തരവ് (സാധാ)നം.280/16 തസ്വഭവ തീയതി 25.1.16 പ്രകാരം വനിതാവികസന കോർപ്പറേഷന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആകെ പ്രോജക്ടിന്റെ 50% കൈമാറുകയും, വിനിയോഗവിവരം ലഭ്യമാകുന്ന മുറയ്ക്ക് ബാക്കി തുക നൽകേണ്ടതുമാണ്. മാത്രമല്ല കരാർ ഒപ്പുവക്കേണ്ടതുമാണ്. എന്നാൽ വിശദമായ പ്രോജക്ട് റിപ്പോർട്ട്, കരാർ എന്നിവ ഇല്ലാതെ തുക കൈമാറുകയാണ് ചെയ്തത്.

നാളിതുവരെ പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടില്ല. ആയതിനാൽ ചെലവ് തുക 74880/- രൂപ തടസ്സപ്പെടുത്തുന്നു. കരാർ വയ്ക്കുന്നതിനും പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-20 ഫണ്ട് പൂർണ്ണമായും ചെലവഴിച്ചിട്ടില്ല.

പഞ്ചായത്തിന് 2016-17 വർഷം താഴെച്ചേർത്തിരിക്കുന്ന പ്രകാരം ലഭ്യമായ ഫണ്ടുകൾ പൂർണ്ണമായും ചെലവഴിച്ചിട്ടില്ല.

| ലഭ്യമാക്കിയ ഏജൻസി | ചെക്ക് നം | തുക | ബാക്കി തുക |
|---|---|---|---|
| ജില്ലാമിഷൻ, കുടുംബശ്രീ | 1511018/8.3.16 | 500000 | 370444 |
| ശുചിത്വമിഷൻ (ഒ.ഡി.എഫ്) | 062667/16.3.17 | 348000 | 348000 |
| ശുചിത്വമിഷൻ (ബയോഗ്യാസ് പ്ലാന്റ്) | 062694/29.3.17 | 456000 | 111600 |

പഞ്ചായത്തിന് ലഭിക്കുന്ന ഫണ്ടുകൾ ചെലവഴിക്കാതെ സൂക്ഷിക്കുന്നത് ശരിയല്ല. ചെലവഴിക്കാത്ത പക്ഷം ആയത് ബന്ധപ്പെട്ട ഏജൻസികളിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-21 സ്മാർട്ട് ക്ലാസ്റൂം പ്രവർത്തനക്ഷമമല്ല.

ജി.എം.എൽ.പി.എസ്. അണ്ടത്തോട് ഹെഡ്മിസ്ട്രസ് നടപ്പാക്കിയ സ്മാർട്ട് ക്ലാസ് റൂം രൂപീകരണം (S097/17)എന്ന പദ്ധതിയിൽ അണ്ടത്തോട് സ്കൂളിനാവശ്യമായ സാമഗ്രികൾ വാങ്ങിയിട്ടുണ്ട്.

ബിൽ നം.-- 05/16-17/30.3.17 – 495386

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയ സാധനങ്ങൾ താഴെചേർക്കുന്നു

| Item | Quantity |
|---|---|
| Fibre folding chair with writing pad | 16 |
| Storage shelf | 1 |
| Window curtain | 1 |
| Home theatre | 1 |
| Green board | 1 |
| 1kva ups | 1 |
| Touchscreenboard | 1 |
| Branded laptop | 1(HP core i-3 processor) |

നിലവിൽ സ്ക്രീൻബോർഡിലേക്ക് കണക്ഷൻ നൽകുവാനുള്ള cable ഇല്ലാത്തതിനാൽ പ്രവർത്തിപ്പിക്കുവാൻ ആകുന്നില്ല. കസേരകൾ മടക്കിവച്ച നിലയിലാണ് ഉള്ളത്. ലാപ്‌ടോപ്പ് പ്രവർത്തിക്കുന്നില്ല. കമ്പനി ഉദ്യോഗസ്ഥർ പ്രവർത്തിപ്പിക്കുകയും ആവശ്യമായ കേബിൾ പിന്നീട് എത്തിക്കുന്നതാണെന്ന് അറിയിച്ചതായും ഹെഡ്മിസ്ട്രസ് അറിയിച്ചു. നാളിതുവരെ കേബിൾ ലഭ്യമാക്കിയിട്ടില്ല. എല്ലാ വസ്തുക്കളും ലഭിക്കാതെ തുക നൽകിയത് ഉദ്യോഗസ്ഥരുടെ വീഴ്ചയാണ്. സ്മാർട്ട് ക്ലാസ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-22 അഡ്വാൻസ് നൽകിയ തുക നാളിതുവരെ തിരിച്ചടച്ചിട്ടില്ല.

ഭരണസമിതിയുടെ 24.12.16ലെ 1(14) തീരുമാനപ്രകാരം പി.എച്ച്.സി.യുടെ ചുറ്റുമതിൽ നിർമ്മാണത്തിന് 2009-10 വർഷം ഗുണഭോക്തൃസമിതി മുഖേന പി.എസ്. അലി, പാറംപുരക്കൽ വീട്, അണ്ടത്തോട് എന്ന വ്യക്തിക്ക് 50000രൂപ മുൻകൂർ നൽകിയത് പലിശ സഹിതം തിരികെ ഈടാക്കുവാൻ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി. മാത്രമല്ല പി.എച്ച്.സി.യുടെ ചുറ്റുമതിൽ നിർമ്മാണത്തിന് പുതിയ പദ്ധതി രൂപീകരിക്കാനും തീരുമാനിച്ചു. തുക ഈടാക്കുന്നതിന് കാലതാമസം ഉണ്ടായതിന് കാരണം വ്യക്തമല്ല. മുൻകൂർ തിരികെ ഈടാക്കിയിട്ടില്ല. ഈ തുക ഈടാക്കേണ്ടതാണ്.

## 3-23 പഞ്ചായത്ത് സ്കൂൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു

അണ്ടത്തോട് ജി.എം.എൽ.പി.സ്കൂൾ 250ഓളം കുട്ടികൾ പഠിക്കുന്ന, പഠന, പാഠ്യേതര വിഷയങ്ങളിൽ മികവ് പുലർത്തുന്ന സ്കൂളാണ്. എന്നാൽ വളരെ പഴക്കമുള്ള വിദ്യാലയം നിലവിൽ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്ത് ഭരണസമിതിയുടെ 16.3.17ലെ 2(1) തീരുമാനപ്രകാരം സ്കൂളിനായി 27സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് വാല്യേഷൻ ലഭ്യമാക്കുന്നതിന് നടപടികൾ എടുക്കുവാൻ തീരുമാനിച്ചു. എന്നാൽ തുടർനടപടികൾ ഉണ്ടായില്ല. സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

# 3-24 പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല.

94 ടാപ്പുകളുടെ വെള്ളക്കരമാണ് പഞ്ചായത്ത് അടവാക്കുന്നത്. സംയുക്ത പരിശോധന നടത്തി എത്ര ടാപ്പുകൾ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. മാത്രമല്ല മാസം തോറും കുടിശ്ശിക ഇനത്തിൽ വൻതുക വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്നു. 2016 ഏപ്രിലിൽ 170920+3353 (പിഴ) ആയിരുന്ന കുടിശ്ശിക 2017 ഫെബ്രുവരിയിൽ 205029+3418 (പിഴ) ആയി ഉയർന്നു. ഈ തുക പഞ്ചായത്ത് അടവാക്കുന്നില്ല. ഇക്കാര്യത്തിൽ വ്യക്തത വരുത്തി ഏത് ഇനത്തിലാണ് കുടിശ്ശിക എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

# 3-25 തെരുവുവിളക്കുകളുടെ സംയുക്തപരിശോധന നടത്തിയിട്ടില്ല.

കെ.എസ്.ഇ.ബി.യുടെ ഡിമാന്റ് നോട്ടീസ് അനുസരിച്ച് വൈദ്യുതചാർജ് അടവാക്കുകയാണ് (പ്രതിമാസം 50322 രൂപ) പഞ്ചായത്ത് ചെയ്യുന്നത്. കെ.എസ്.ഇ.ബി.യുടെ പ്രൊവിഷണൽ ഇൻവോയ്സ് കാർഡ് പ്രകാരം പഞ്ചായത്തിൽ 40W സാധാരണ ബൾബുകൾ 109 എണ്ണം ഉണ്ട്. ഇപ്പോഴും സാധാരണ ബൾബുകൾ ഉണ്ടോ എന്ന് സംയുക്ത പരിശോധന നടത്തി ഉറപ്പുവരുത്തേണ്ടതാണ്. സി.എഫ്.എൽ.ന് 14 രൂപ മാത്രം ചാർജ് ഉള്ളപ്പോൾ സാധാരണ ബൾബുകൾക്ക് 61 രൂപയാണ് ചാർജ്.

സാധാരണ ബൾബുകൾ മാറ്റി സി.എഫ്.എൽ. സ്ഥാപിച്ചാൽ പഞ്ചായത്തിന് പ്രതിമാസം 5123രൂപ (109x61=6649, 109x14=1526

6649-1526 = 5123) ഈയിനത്തിൽ കുറവ് ലഭിക്കുന്നതാണ്. ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

ഭാഗികമായി മാത്രമാണ് മീറ്ററിംഗ് നടപ്പാക്കിയത്. ആയത് പൂർണ്ണമാക്കേണ്ടതാണ്.

# 3-26 വാഹനപരിപാലനം -- അപാകതകൾ

പഞ്ചായത്ത് വാഹനത്തിന്റെ ലോഗ്ബുക്കിൽ സെക്രട്ടറി പരിശോധിച്ച്

സാക്ഷ്യപ്പെടുത്തുന്നില്ല. ഇന്ധനം നിറക്കുന്നത്, മാസാന്ത്യ ഇന്ധന ഉപയോഗ സംക്ഷിപ്തം, യാത്രയുടെ വിവരം എന്നിവ സാക്ഷ്യപ്പെടുത്തുന്നില്ല.

പഞ്ചായത്ത് വാഹനത്തിന്റെ (KL46D1646) പരിപാലനത്തിൽ സർക്കാർ ഉത്തരവുകൾ പാലിക്കുന്നില്ല. ജി.ഒ.(എം.എസ്.)170/2007/30.6.2007, സർക്കുലർ നം.41/2008/ധനം. 02/08/2008 എന്നീ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

ഡീസൽ ഓർഡർ ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ, ഫ്യൂവൽ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

അറ്റകുറ്റപ്പണികളെ പറ്റിയുള്ള വിവരങ്ങൾ ലോഗ് ബുക്കിൽ ചേർക്കുന്നില്ല.

റിപ്പയർ രജിസ്റ്റർ കൃത്യമായി എഴുതി തയ്യാറാക്കിയിട്ടില്ല.

6 മാസത്തിലൊരിക്കൽ ഇന്ധനക്ഷമത പരിശോധിക്കുന്നില്ല.

സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് ആവശ്യമായ എല്ലാ രേഖകളും കൃത്യമായി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

# 3-27 ആശ്രയ പദ്ധതി

പഞ്ചായത്തിലെ ആശ്രയ പദ്ധതി (രണ്ടാം ഘട്ടം) അവലോകനം ചുവടെ ചേർക്കുന്നു.

| ഇനം | 2nd പ്രൊജക്റ്റ് |
|---|---|
| പ്രോജക്ട് പ്രകാരം ആകെ ഗുണഭോക്താക്കൾ* | 104 |
| പ്രോജക്ട് പ്രകാരം വീടുവയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 12 |
| നാളിതുവരെ ലഭിച്ചവർ | 0 |
| പ്രോജക്ട് പ്രകാരം വീട് ആവശ്യമുള്ളവർ | 23 |
| നാളിതുവരെ ലഭിച്ചവർ | 2 |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 9 |
| നാളിതുവരെ ലഭിച്ചവർ | 7 |
| കക്കൂസ് ആവശ്യമുള്ളവർ | 5 |
| നാളിതുവരെ ലഭിച്ചവർ | 0 |
| കുടിവെള്ളം ആവശ്യമുള്ളവർ | 0 |
| നാളിതുവരെ ലഭിച്ചവർ | 0 |
| കറന്റ് ആവശ്യമുള്ളവർ | 0 |
| നാളിതുവരെ ലഭിച്ചവർ | 0 |
| ഭക്ഷണം, മരുന്ന് ആവശ്യമുള്ളവർ | 104 |
| നാളിതുവരെ ലഭിച്ചവർ | 104 |

പഞ്ചായത്ത് തൻവർഷം ആശ്രയ പദ്ധതി നടപ്പാക്കിയിട്ടില്ല.

ജി.ഒ.(എം.എസ്)362/13/ത.സ്വ.ഭ.വ തീയതി 16.11.13 അനുബന്ധം 14 ഖണ്ഡിക 67(i) പ്രകാരം

ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെയ്ക്കുന്നതിന് സ്ഥലം ലഭ്യമാക്കിയതിനു ശേഷം മാത്രമാണ് ദാരിദ്ര്യരേഖക്ക് താഴെയുള്ള ഇതര വിഭാഗങ്ങൾക്ക് സ്ഥലം അനുവദിക്കാവുന്നത്. ഇതേ ഉത്തരവിലെ അനുബന്ധം 14 ഖണ്ഡിക 68(i) പ്രകാരം ഭവനരഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന ധനസഹായം മുൻഗണനാ അടിസ്ഥാനത്തിൽ നൽകണം.

ആശ്രയ ഗുണഭോക്താക്കളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യപ്രാപ്തിയിലെത്താത്ത സാഹചര്യത്തിലാണ് ഉയർന്ന ശേഷിയുള്ള മറ്റ് വിഭാഗങ്ങളിലുള്ളവർക്ക് ഭീമമായ തുകകൾ വകയിരുത്തി സ്ഥല/ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നത്. രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെട്ട ആശ്രയ ഗുണഭോക്താക്കളുടെ വിവിധ ആവശ്യങ്ങൾ കണക്കിലെടുത്ത് പ്രോജക്ട് തയ്യാറാക്കി ആയത് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-28 അംഗൻവാടികളുടെ ഭൗതികസാഹചര്യം -- അവലോകനം

പഞ്ചായത്തിൽ ആകെ 32 അംഗൻവാടികളാണ് ഉള്ളത്.

22-03-2011 ലെ സർക്കുലർ നം.31055/ഡി.സി-2/2011/തസ്വഭവ ഖണ്ഡിക 'സി ' പ്രകാരം ഗ്രാമ പഞ്ചായത്തിലെ അംഗനവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം സംബന്ധിച്ച് L.S.G.D. എഞ്ചിനിയർ/ഓവർസീയർ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിലെ അംഗൻവാടികൾക്ക് 2016-17 വർഷം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല.

<u>മറ്റുവിവരങ്ങൾ</u>

| | |
|---|---|
| സ്വന്തം കെട്ടിടമുള്ളവ | 24 |
| വാടകക്ക് പ്രവർത്തിക്കുന്നവ | 8 |
| വാടകേതരകെട്ടിടത്തിലുള്ളവ | 0 |
| ചുറ്റുമതിലുള്ളവ | 18 |
| വാട്ടർ കണക്ഷൻ ഉള്ളത് | 9 |
| ശൗചാലയങ്ങൾ ഉള്ളത് | 32 |

അംഗൻവാടികൾക്കായി അനുവദിച്ച കേന്ദ്രഫണ്ടിൽ 221879രൂപ ബാക്കിയുണ്ട്. ഈ തുക വിനിയോഗിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

19-ാം വാർഡിലെ അംഗൻവാടിക്കായി പഞ്ചായത്ത് ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ഭരണസമിതി 01.12.16ലെ 4(3), 16.3.17ലെ 5(8) പ്രകാരം തീരുമാനങ്ങൾ എടുത്തുവെങ്കിലും നടപ്പാക്കിയിട്ടില്ല.

വാർഡ് 7 ലെ 30-ാം നമ്പർ അംഗൻവാടിക്കായി 3 സെന്റ് ഏറ്റെടുക്കുന്നതിന് വാല്വേഷൻ തുകയുടെ 30% കൂടുതൽ നൽകാമെന്ന് ഭരണസമിതി 16.3.17ന് 4(6) ആയി തീരുമാനം

എട്ടുത്തെങ്കിലും നടപ്പാക്കിയില്ല.

അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-29 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2016-17വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

<table>
<tr><td>1</td><td colspan="3">2016-17 വർഷത്തെ മൊത്തം അടങ്കൽ</td><td>129407894</td></tr>
<tr><td>2</td><td colspan="3">2016-17 വർഷത്തെ മുൻ ബാക്കി</td><td>1520</td></tr>
<tr><td>3</td><td colspan="3">2016-17 വർഷത്തെ ആകെ വരവ്</td><td>25096998</td></tr>
<tr><td>4</td><td colspan="3">2016-17 വർഷത്തെ ആകെ ചെലവ്</td><td>25095387.50</td></tr>
<tr><td>5</td><td colspan="3">2016-17വർഷത്തെ വർഷാന്ത്യ നീക്കിയിരിയിപ്പ്</td><td>3130.50</td></tr>
<tr><td>6</td><td colspan="3">2016-17 വർഷത്തിൽ വിഭാവനം ചെയ്തപദ്ധതികളുടെ എണ്ണം</td><td>207</td></tr>
<tr><td>7</td><td colspan="3">2016-17 വർഷത്തിൽ പൂർത്തിയാക്കിയ ചെയ്തപദ്ധതികളുടെ എണ്ണം</td><td>204</td></tr>
<tr><td>8</td><td colspan="3">മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം</td><td>2905</td></tr>
<tr><td>9</td><td colspan="4">2016-17 വർഷത്തിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ</td></tr>
<tr><td colspan="2">സ്ത്രീ</td><td colspan="2">പുരുഷൻ</td><td>ആകെ</td></tr>
<tr><td colspan="2">62514</td><td colspan="2">2323</td><td>64837</td></tr>
<tr><td>പട്ടിക ജാതി</td><td colspan="2">പട്ടിക വർഗ്ഗം</td><td>മറ്റുള്ളവർ</td><td>ആകെ</td></tr>
<tr><td>16089</td><td colspan="2"></td><td>48748</td><td>64837</td></tr>
<tr><td>11</td><td colspan="3">2016-17 വർഷത്തിൽ തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം</td><td>1308</td></tr>
<tr><td>12</td><td colspan="3">2016-17 വർഷത്തിൽ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം</td><td>105</td></tr>
<tr><td>13</td><td colspan="3">മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2016-17 വർഷത്തിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തിട്ടുണ്ടെങ്കിൽ അയതിന്റെ വിവരം</td><td>ഇല്ല</td></tr>
<tr><td>14</td><td colspan="3">മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2016-17 വർഷത്തിൽ വിതരണം</td><td>20735329</td></tr>
</table>

| | | |
|---|---|---|
| | ചെയ്ത വേതനം | |
| 15 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 31-03-2017 വിതരണം ചെയ്യാൻ കുടിശികയുള്ള വേതനം | ഇല്ല |
| 15 | 2016-17 വർഷത്തിൽ പൂർത്തിയാക്കിയ സ്ഥിര ആസ്തികൾ സംബന്ധിച്ച വിശദ വിവരം | Well-2<br>Earthern Road – 9<br>Concrete road – 1<br>Toilet -- 8 |
| 16 | സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെ വിവരങ്ങൾ | ഉണ്ട് |

പദ്ധതികൾ സംബന്ധിച്ച വിശാദാംശം

| ക്രമ നം | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | മണ്ണ്, ജല സംരക്ഷണം | | |
| 2 | വരൾച്ച തടയൽ , വനവത്ക്കരണം | 1 | 5635 |
| 3 | ചെറുകിട ജലസേചനം | | |
| 4 | പട്ടികജാതി/പട്ടികവർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജലസംരക്ഷണം | 127 | 12962781 |
| 5 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 44 | 7034797 |
| 6 | ഭൂവികസനം | 13 | 147 |
| 7 | വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | | |
| 8 | മറ്റുള്ളവ | 19 | 3905734 |
| | ആകെ | 204 | 23909094 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| സ്ഥാപനം | വർഷം | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2013-14 | 1000000 | പനന്തറപട്ടികജാതി കോളനി അടിസ്ഥാനസൗകര്യവികസനം | 898918 | 101082 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 160000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 160000 | 0 |
| ജില്ലാ പഞ്ചായത്ത് | 2014-15 | 750000 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | 750000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 150000 | ഇൻസിനറേറ്റർ സ്ഥാപിക്കൽ | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 6592 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 6592 | 0 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കോസ്റ്റ്ഫോർഡ് | മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കൽ | --- | 110000 | 110000 | 0 |
| കോസ്റ്റ്ഫോർഡ് | പെരിയമ്പലം ബീച്ചിൽ ശുചിത്വ പ്രവർത്തനങ്ങൾ | 48/16-17/ 21.3.17 | 59400 | 59400 | 0 |
| കോസ്റ്റ്ഫോർഡ് | പെരിയമ്പലം ബീച്ചിൽ വയോജന വിശ്രമകേന്ദ്രം നിർമ്മിക്കൽ | 79/16-17/ 31.3.17 | 89500 | 89500 | 0 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ വലിക്കൽ | 26/16-17/ 28.3.17<br>27/16-17/ 28.3.17 | 1994087<br>286488 | 0 | 2280575 |
| കെ.എസ്.ഇ.ബി | ചമ്മണ്ണൂർതാഴം കോൾപ്പടവിലേക്ക് വൈദ്യുതി ലൈൻ വലിക്കൽ | --- | 139350 | – | 139350 |

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ചെറായി പാടശേഖരത്തിലേക്ക് വൈദ്യുതി ലൈൻ വലിക്കൽ | 29/16-17/ 28.3.17 | 1266500 | - | 1266500 |
| കെ.എസ്.ഇ.ബി | പത്രൂർ പാടശേഖരത്തിലേക്ക് വൈദ്യുതി ലൈൻ വലിക്കൽ | 33/16-17/ 30.3.17<br>32/16-17/ 30.3.17 | 184924<br>332096 | - | 517000 |
| കെ.എസ്.ഇ.ബി | ശ്മശാനത്തിലേക്ക് വൈദ്യുതി ലൈൻവലിക്കൽ | 12/16-17/ 30.1.17 | 70960 | - | 70960 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ വലിക്കൽ എസ്.സി.പി | 11/28.3.17 | 450150 | - | 450150 |
| നിർമ്മിതി കേന്ദ്ര | പഞ്ചായത്ത് (അണ്ടത്തോട്) കമ്മ്യൂണിറ്റി ഹാൾ കെട്ടിട നിർമ്മാണം | 38/16-17/ 8.3.17<br>40/16-17/ 21.3.17 | 88129<br>353606 | - | 441735 |
| നിർമ്മിതികേന്ദ്ര | അണ്ടത്തോട് കമ്മ്യൂണിറ്റി ഹാൾ കെട്ടിട പൂർത്തീകരണം | 78/16-17/ 31.3.17 | 537800 | - | 537800 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല .

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. പദ്ധതി | ജി.ഒ.1056/10/LSGD dtd.26.3.10 | 3327500 | 5000 | 0 | 0 | 5000 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5000 |
| തൻവർഷം നിക്ഷേപിച്ച തുക | -- |
| ആകെ | 5000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000 |

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 59523637 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 54408786 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 92196 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1640382 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1(ബി) | | 74196 | ലത. കെ.വി., സെക്രട്ടറി |
| 3-1(സി) | | 18000 | ലിസ്സി. ടി.വി., സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| | | 92196 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1(എ) | 58700 | ലത. കെ.വി, സെക്രട്ടറി |
| 3-2(1) | 311574 | ലത. കെ.വി., സെക്രട്ടറി |

| | | |
|---|---|---|
| 3-2(2) | 898537 | ശ്രീമതി. സിന്ധു. കെ., കൃഷി ഓഫീസർ |
| 3-3 | 50000 | ശ്രീമതി. സിന്ധു. കെ., കൃഷി ഓഫീസർ |
| 3-4(എ) | 21291 | ലത.കെ.വി., സെക്രട്ടറി |
| 3-4(ബി) | 50400 | ശ്രീമതി. സിന്ധു. കെ., കൃഷി ഓഫീസർ |
| 3-5 | 100000 | ലത.കെ.വി., സെക്രട്ടറി |
| 3-17 | 75000 | ഡോ.റീന ജോൺ, വെറ്ററിനറി സർജൻ |
| 3-19 | 74880 | ഷീല. ഇ.ആർ., ഹെഡ് മിസ്ട്രസ്, ജി.എൽ.പി.എസ്., അണ്ടത്തോട് |
| ആകെ | 1640382 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്, ഉദ്യോഗപ്പേര് | ഇപ്പോഴത്തെ മേൽവിലാസം (ഓഡിറ്റ് നടന്ന സമയം) | സ്ഥിരം മേൽവിലാസം |
|---|---|---|
| ലത. കെ.വി., റിട്ടയേർഡ് സെക്രട്ടറി | റിട്ടയേർഡ് സെക്രട്ടറി | കാഞ്ഞിരപ്പറമ്പിൽ വീട്, പൊർക്കളേങ്ങാട് പി.ഒ., കുന്നംകുളം |
| ലിസ്സി. ടി.വി., സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് | പാറേക്കുടിയിൽ ഹൗസ്, പുത്തൻകുരിശ്. പി.ഒ. പുത്തൻകുരിശ്, എറണാകുളം |

## 4-8 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| പ്രത്യേക | 2014-15, 5.7.8 | 2013-14 - വകയിരുത്തുന്ന തുക | പരാമർശം |

| | | | |
|---|---|---|---|
| അവലോകന റിപ്പോർട്ട് 2014-15 | | ചെലവഴിച്ചിട്ടില്ല | നിലനില്ക്കുന്നു. |
| | 2014-15, 5.7.10 | 2013-14, പടർന്നുപിടിക്കുന്ന കുളമ്പ് രോഗം | |
| | 2014-15, 5.7.12 | 2011-12-കാലിത്തീറ്റയുടെ വിലവർദ്ധനവ് കാരണം പദ്ധതി മാർഗ്ഗ നിർദ്ദേശം പാലിക്കാൻ കഴിയുന്നില്ല. | ,, |
| | 2014-15, 5.7.12 | 11-12, 12-13, 13-14 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗിക്കാത്ത കോടികൾ | ,, |
| | 2014-15, 5.7.12 | 11-12, 12-13, 13-14 പദ്ധതി പൂർത്തീകരിച്ചിട്ടില്ല. | ,, |
| | 2014-15, 5.7.2 | മൃഗസംരക്ഷണ മേഖലയിലെ ചെലവഴിക്കൽ തൃപ്തികരമല്ല | ,, |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1970-71 | എൽ.എഫ്.ടി 272/75/ 15.04.75 |
| 85-86, 86-87 | എൽ.എഫ്.ടി12- 310/92/ 01.01.93 |
| 87-88 | എൽ.എഫ്.ടി12-1165/92/ 17.12.92 |
| 88-89,89-90,90-91 | എൽ.എഫ്.ടി11- 275/94/ 30.09.94 |
| 91-92 | എൽ.എഫ്.ടി11- 962/93 / 26.02.94 |
| 92-93,93-94 | എൽ.എഫ്.ടി11-775/95/ 10.06.96 |
| 94-95,95-96 | എൽ.എഫ്.ടി17-1764/99/ 30.03.00 |
| 96-97 | എൽ.എഫ്.ടി17-321/97/ 02.11.99 |
| 97-98 | എൽ.എഫ്.ടി17-340/99/ 04.05.99 |
| 98-99 | എൽ.എഫ്.ടി17-1713/00/ 06.02.01 |
| 99-00 | എൽ.എഫ്.ടി13-907/02/ 160.5.03 |
| 00-01,01-02 (പ്ലാൻ) | എൽ.എഫ്.ടി13-1399/03/ 06.04.04 |
| 00-01,01-02 (പ്ലാൻ ഒഴികെ) | എൽ.എഫ്.ടി13-1810/04/ 27.09.05 |
| 02-03 | എൽ.എഫ്.ടി13-739/05/ 17.01.06 |

| | |
|---|---|
| 03-04 | എൽ.എഫ്.ടി13-1268/08/ 14.12.09 |
| 04-05 | എൽ.എഫ്.ടി13-1269/08/ 14.12.09 |
| 05-06 | എൽ.എഫ്.ടി13-396/10/0 8.11.10 |
| 06-07 | എൽ.എഫ്.ടി13-397/10/ 16.11.10/27.05.11 |
| 07-08 | എൽ.എഫ്.ടി.പി.1-655/11/ 30.9.11/8.12.11 |
| 08-09 | എൽ.എഫ്.ടി.പി.4-1874/12/ 11.03.13/15.06.13 |
| 09-10 | എൽ.എഫ്.ടി.പി.4-1874/12/ 11.03.13/15.06.13 |
| 10-11 | എൽ.എഫ്.ടി.പി.4-1874/12/ 11.03.13/15.06.13 |
| 11-12 | എൽ.എഫ്.ടി.പി.4-744/13/ 23.8.13 |
| 12-13 | എൽ.എഫ്.ടി.പി8-253/14/ 20.08.14/29.10.14 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ (പി8)- 26/16/ 130.1.16/8.03.16 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ (പി8)937/16 / 13.06.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ (പി8)1845/16 / 27.10.2016 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി8)1515/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

PIN 680 020

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

തിയ്യതി – 14.11.2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

No.KSA-TSR(P8)1515/17

Kerala State Audit Department,

District Audit Office, Thrissur

PIN 680 020

Dated: 14.11.2017

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Punnayoorkkulam Grama panchayath in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Punnayoorkkulam Grama Panchcyath for the year 2016-17, except the observations in my Audit Report properly presents the picture of income and expenditure.

Deputy Director
District Audit Office
Thrissur